വേദപ്രചാരമദ്ധ്യസ്ഥൻ



Vedaprachara Madhyastan.

Vol. XII] SEPTEMBER [No. 3

വിഷയവിവരണിക.

റവ. ഫാദർ മെത്തയോ ക്രൌളി എസ്സ്. എസ്സ്. സി. സി അവർകൾ-

1) ഒരുദൃഷ്ടാന്തം
2) നമ്മുടെമദ്ധ്യസ്ഥൻ
3) 'കുപ്പുകനാം' (പദ്യം)
4) കത്തോലിക്ക് പ്രവർത്തനത്തെപ്പറ്റി
5) യഹൂദന്മാർ, അവരുടെകുരിശിന്മേൽതൂക്കൽ
6) സ്കൂളുകളിലെ ക. പ്രവർത്തനം
7) ക. പ്ര. വേണ്ടിയുള്ള പ്രാരംഭസംഘീകരണം
8) പരിപൂർണ്ണതാദർശം (തുടർച്ച)
9) ബഥാന്യായിലെലാസർ (പദ്യം)
10) കത്തോലിക്ക് പ്രവർത്തനം
11) റാന്നിമിഷ്യൻദേവാലയഫണ്ട്
12) കമ്മ്യൂണിസം (പ്രഹസനം)
13) വിദ്യാർത്ഥികളും സ്വഭാവഗുണവും
14) വി. കുരിശിന്റെ പൂക്കൾ
15) ജപാപ്പസ്തോലസഖ്യം
16) ചരമവാർത്തകൾ
17) ബദ്ധാഞ്ജലി (പദ്യം)
18) ക. പ്രവർത്തനപംക്തി
19) കച്ചേരിക്കായ്മ
20) അരമനവാർത്തകൾ
21) പുസ്തകാഭിപ്രായം
22) പരസ്യങ്ങൾ
23) പഞ്ചാംഗം

☞ വരിക്കാർ ശ്രദ്ധിക്കണം.

മദ്ധ്യസ്ഥൻമാസികയുടെവരിപ്പണംകുടിശ്ശിക വരുത്തിയിരിക്കുന്നവർ ഉടനെ അതുഅടച്ചുതീർക്കണമെന്ന് മുൻപു് അറിയിച്ചിട്ടുണ്ടായിരുന്നല്ലൊ. അതനുസരിച്ചു കുടിശ്ശികതീർത്തിട്ടില്ലാത്തവർ ഇനിയെങ്കിലും ഉടനേതന്നെ പണമയച്ചുതന്നു തീർക്കാത്തപക്ഷം അവരുടെപേക്ക് വി. പി. അയച്ചുതുടങ്ങുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

മാനേജർ

റവ. ഫാദർ
മത്തെയോ ക്രൗളി-ബ്യൂറോ
എസ്. എസ്. സി. സി.

തിരുഹൃദയപ്രതിഷ്ഠയുടെ അപ്പസ്തോലനും പ്രസിദ്ധധ്യാനപ്രസംഗകനുമായ റവ. ഫാദർ മത്തെയോ ക്രൗളി-ബ്യൂവേ എസ്. എസ്. സി. സി. അവർകൾ ആഗസ്റ്റ് 26-ാംനു-മുതൽ സെപ്തംബർ 2-ാംനു-വരെയുള്ള ദിവസങ്ങളിൽ സെൻറ്. ബർക്മാൻസ് കോളേജിൽവച്ചു 100-ൽപരം ബ. വൈദികരെ ഉദ്ദേശിച്ചു് ധ്യാനപ്രസംഗങ്ങൾ നടത്തുന്നതാണെന്നുള്ള വിവരം ഇതിനകംപ്രസിദ്ധമായിരിക്കയാണല്ലൊ. ഈയവസരത്തിൽ ഈ വന്ദ്യവൈദികോത്തമനെപ്പറ്റി ഏതാനുംകൂടി പ്രസ്താവിക്കുന്നതു് സമുചിതമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

തെക്കേഅമേരിക്കയിൽ പെറു എന്നസ്ഥലത്താണു് ഫാ. ക്രൗളി ജനിച്ചതു്. ചില്ലി എന്നദേശത്തു് മിഷ്യനറിജോലിചെയ്തുകൊണ്ടിരിക്കെ, അപാരയുവാവായിരുന്ന ആവൈദികനെ അത്യന്തം അപായകരമായ ഒരുഹൃദ്രോഗം ആക്രമിച്ചു. അതിൽനിന്നു നിർമ്മുക്തനാവുകയെന്നതു് ദുസ്സാധമെന്നു് പ്രശസ്തരായഡോക്ടറന്മാർപോലും വിധിച്ചു. ഈസ്ഥിതിയിൽഅദ്ദേഹത്തിനു് "പാരെ-ലെ-മോനിയെൻ" എന്നസ്ഥലത്തുള്ള —ഈസ്ഥലം ഫ്രാൻസിലാണു്—വിശ്വവിഖ്യാതമായ തിരുഹൃദയദേവാലയംസന്ദർശിക്കണമെന്നു് പ്രബലമായ ആഗ്രഹം ജനിച്ചു. വലിയമാർഗ്ഗക്ലേശമെല്ലാംപൊറുത്തു് അദ്ദേഹംഅവിടെയെത്തി. പ്രസ്തുതമായ ദേവാലയത്തിൽ ഭക്തിപൂർവംപ്രാർത്ഥിച്ചുകൊണ്ടുനിൽക്കുമ്പോൾ അത്ഭുതത്താൽ അദ്ദേഹത്തിന്റെരോഗം മാറിയതായിട്ടനുഭവപ്പെട്ടു! തന്റെ ആയുഷ്കാലം തിരുഹൃദയഭക്തിയുടെപ്രചാരണാർത്ഥം വിനിയോഗിക്കണമെ

ന്നുള്ള ഒരു നിവേശനവും അദ്ദേഹത്തിന്റെയുള്ളിൽ കടന്നു. "നീ എന്റെ സ്നേഹത്തിൽവിശ്വസിക്കുന്നുവെങ്കിൽ–വിശ്വസിക്കുന്നുവെങ്കിൽ–നീവിശ്വസിക്കുന്നുവെങ്കിൽ എന്റെസ്നേഹത്തിന്റെ അത്ഭുതങ്ങളെനീകാണും" ഇതായിരുന്നു അദ്ദേഹത്തിൽ മുഴങ്ങിയസ്വരം.

ഫാദർ ക്രൈളി അന്ന് പരിശുദ്ധസിംഹാസനം വാണിരുന്ന പത്താം പീയൂസ് മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ച് അദ്ദേഹത്തിന്റെ അനുവാദവും ആശീർവ്വാദവും വാങ്ങിക്കൊണ്ട് തിരിച്ചു തെക്കേ അമേരിക്കായിലെത്തി തന്റെ പുതിയ വേലയാരംഭിച്ചു. സ്നേഹസമ്പന്നനായ മിശിഹായുടെ സാമ്രാജ്യപ്രചരണത്തിനു അദ്ദേഹം കണ്ടുപിടിച്ച വഴി തിരുഹൃദയരൂപം കുടുംബങ്ങൾതോറും പ്രതിഷ്ഠിക്കുകയെന്നതായിരുന്നു. അദ്ദേഹത്തിന്റെ വേലയുടെ വിശിഷ്ടഫലങ്ങൾ സ്പെയിൻ, ഫ്രാൻസ്, പോളണ്ട്, ഇറ്റലി മുതലായ രാജ്യങ്ങളും അനുഭവിച്ചു. മഹായുദ്ധകാലത്തുപോലും —അന്ന് ഫ്രാൻസായിരുന്ന അദ്ദേഹത്തിന്റെ രംഗം—അദ്ദേഹത്തിന്റെ പ്രവർത്തനത്തിനു് യാതൊരു ഭംഗവും നേരിട്ടില്ല. പത്താം പീയൂസ്, പതിനഞ്ചാം ബനഡിക്തോസ്, പതിനൊന്നാം പീയൂസ് എന്നീ പരിശുദ്ധ പാപ്പാമാർ ഈ വൈദികവരേണ്യന്റെ വേലയെ നേരിട്ടു ശ്ലാഘിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യങ്ങളും ഭൂഖണ്ഡങ്ങളും സമുദ്രഭാഗങ്ങളും പർവ്വതനിരകളും തരണംചെയ്ത് ആ "സ്നേഹദൂതൻ" തന്റെ വാർദ്ധക്യകാലത്തു ഇതാ ഈ കേരളഭൂമിയുടെ പുണ്യോദയത്തിൽ ഇങ്ങോട്ടു വന്നിരിക്കുന്നു. സുദുർല്ലഭമായ ഈ ഭാഗധേയപ്രാപ്തിയിൽ ഞങ്ങളും ആത്മാർത്ഥമായി ആഹ്ലാദിക്കുകയും ആ മഹാത്മാവിനു് സർവ്വവിജയങ്ങളും ആശംസിക്കുകയും ചെയ്യുകൊള്ളുന്നു.

വേദപ്രചാരമദ്ധ്യസ്ഥൻ

പുസ്തകം 12 സെപ്റ്റംബർ ലക്കം 3

ഒരഭ്യർത്ഥന.

(സ്കറിയാ ഡി. തുടിയൻപ്ലാക്കൽ-കുറുമണ്ണൂർ)

അതിയായൊരു പരിയാകുലമൊടുമേവിന ജനനീ,-
യെതിരറിവർ തവനന്ദനഹിതമൊത്തിഹമരുവാൻ
മതിരമൃതകലരും തവവചസംഹതിസദയം
പതിവായ്രിപുവകലുംവിധമരുളീടുക മരിയേ!

നമ്മുടെ മദ്ധ്യസ്ഥൻ.

'ഈശോയുടെപിതാവ്' എന്നനാമം വി. യൌസപ്പിനു നൽകപ്പെട്ടുകയും അദ്ദേഹം അപ്രകാരം വിചാരിക്കപ്പെടുകയും ചെയ്തു "ഇവൻ യൌസപ്പിന്റെ പുത്രനല്ലയോ?" (യോഹ 6. 12) പുറമെയുള്ളവർ മാത്രമല്ല പരിശുദ്ധ കന്യകാമറിയംതന്നെയും വി. യൌസപ്പിനെ "ഈശോയുടെ പിതാവ്" എന്നുവിളിച്ചിരുന്നു. 'നിന്റെ പിതാവും ഞാനുംസങ്കടത്തോടെ നിന്നെ അന്വേഷിച്ചു" (ലൂ 2 48) ആകയാൽ 'പിതാ'വെന്ന ഈ നാമം വി. യൌസപ്പിനു ദൈവദത്തമത്രെ. "വി. യൌസപ്പിന്റെ സ്ഥാനം എത്രയോ വലുതു?" എന്നു ബർണ്ണാർദ്ദു പുണ്യവാൻ ചോദിക്കുന്നു. രക്ഷാനാഥന്റെ പിതാവെന്ന ഈ മഹോന്നതനാമത്തിനു നിത്യപിതാവുതന്നെ വി. യൌസപ്പിനെ പങ്കുകാരനാക്കി. പൈതൃകകർത്തവ്യങ്ങളുടെ ഒരുവലിയഭാഗം അദ്ദേഹത്തെ ഏൽപ്പിക്കുകയുംചെയ്തു. അതിനാൽ നമ്മുടെ ദിവ്യരക്ഷകന്റെ നേർക്കു ഒരുപിതാവിനടുത്തസ്നേഹവും ജാഗ്രതയും അധികാരവും പുണ്യവാനുണ്ടായിരുന്നു. "ഈശോയുടെ പിതാവു" എന്നതത്രെ വി. യൌസപ്പിന്റെ സകലമഹിമകളുടെയും കാരണം. ഇതെപ്പറ്റി വി, യോഹന്നാൻ ദമഷ്കേൻ ഇങ്ങനെപ്രസ്താവിക്കുന്നു, " ഈശോയുടെ പിതാവെന്നസ്ഥാനംവഹിക്കുന്നതിനായി ദൈവം വി. യൌസപ്പിനെനിശ്ചയിച്ചു അദ്ദേഹംആ ജോലി അതിന്റെ സകല ചുമതലകളോടും അവകാശങ്ങളോടുംകൂടി സ്വീകരിച്ചു. നമ്മുടെ രക്ഷാനാഥനാകട്ടെ ഒരുപുത്രനടുത്ത വിശ്വാസത്തോടെതന്നെത്തന്നെ അദ്ദേഹത്തിന്റെ പൈതൃകപരിപാലനയ്ക്കു കയ്യാളിക്കയും ചെയ്തു.

സഭയുടെ ജ്ഞാനശിരസ്സാകുന്നയേശുനാഥൻ വി.യൌസപ്പിന്റെ സംരക്ഷണയ്ക്കു സ്വയം ഭരമേല്പിച്ചുവെങ്കിൽ സഭയുടെ അവയവങ്ങളാകുന്ന നമ്മളും ഈ പുണ്യവാന്റെ സംരക്ഷണയ്ക്കു നമ്മളെത്തന്നെ ഏല്പിച്ചുകൊടുക്കേണ്ടതു ന്യായമല്ലയോ? അദ്ദേഹത്തിനാകട്ടെ അതിനവകാശവുമില്ലയോ?

"ക്രൂപ്പുകനാം"

ജോസഫ് വി. കാഞ്ഞിരത്തുങ്കൽ കുറുമണ്ണൂർ

മുന്നാമേയിക്കാണാം ലോകത്തെയിമ്മട്ടിൽ
ശൂന്യതയിൽനിന്നു തീർത്തതാരോ-
ആദവും ഹവ്വായും ചെയ്തൊരുപാപത്തേ-
യാദരാൽത്തീർപ്പാനുദിച്ചതാരോ-
ദിവ്യോപദേശത്താൽ മർത്യക്കുറിവിനേ
ഭവ്യദമായ് പ്പുരം ചേർത്തതാരോ-
അപ്പവും മീനും വർദ്ധിപ്പിച്ചയ്യായിര-
ത്തിൽപരംപേർക്കുകൊടുത്തതാരോ-
മൃത്യുവിൻ വക്ത്രത്തിൽപ്പെട്ടമനുജർക്കു
പുത്തനായ് ജീവൻകൊടുത്തതാരോ-
ദുഷ്ടപ്പിശാചിന്റെ ബാധയിൽപെട്ടോർക്കു
ശ്രേഷ്ഠമാം ശാന്തികൊടുത്തതാരോ-
തീരാത്തരോഗം പിടിപെട്ടഴന്നോർക്കു
മാറാത്തസൗഖ്യംകൊടുത്തതാരോ-
കാഴ്ചയും കേൾവിയുമറവക്കായതു
വേഴ്ചയോടൊത്തുകൊടുത്തതാരോ-
"സത്യവും, ജീവനും, മാർഗ്ഗവും ഞാ"നെന്നു
സത്യമായിട്ടരുൾചെയ്തതാരോ-
"എന്നോടനുഗമിപ്പോനന്ധകാരത്തേ-
ക്കാണുകി"ല്ലെന്നരചെയ്തതാരോ-
"ഭാരംചുമക്കുവോർക്കാലംബംഞാ"നെന്നു
നേരായ്ക്കഥിച്ചുദയബ്ധിയാരോ-
താബോറിൻ ജോൺ,പീറർ,ജേക്കബിവർ മുൻപി-
"ലന്ത്യശോഭ"യേപ്പുണ്ടതാരോ
ലോകത്തിൻ പാപത്തേത്തീർക്കുവാനായിട്ടു
ശോകത്തിൽ, ക്രൂശിൽ മരിച്ചതാരോ-
മൃത്യുവാം കുണ്ടിൽപതിച്ചിട്ടുമൂന്നാം നാ-
ളെത്തുമ്പോൾ ശോഭിച്ചുയർത്തതാരോ-
പിന്നെയും നാൽപ്പതാം നാളിൽതേജസ്സോടേ-
മന്നിൽനിന്നന്നതിചേന്നതാരോ-
നിത്യവും മർത്യന്റെ രക്ഷയേകാംക്ഷിച്ചു
സക്രാരിതന്നിൽ വസിപ്പതാരോ-
അമ്മമഹാശക്തിയെ—ക്രിസ്തുമഹേശനെ
നന്മതൻ മൂർത്തിയേ—"ക്രൂപ്പുകനാം"

കത്തോലിക്കപ്രവർത്തനത്തെപ്പറ്റി.

(എൽ. ജെ. ചിറമൽ)

(ഇക്കഴിഞ്ഞ ജൂൺമാസം 15–ാംനു- പ. പിതാവു്, വിവിധരാജ്യങ്ങളിൽപ്പെട്ട യുവവൈദികരെ സ്വീകരിച്ച അവസരത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്)

"നിങ്ങളെ നമ്മുടെ സമീപം കാണുന്നതിനു് ഇടയായതിൽ നമുക്കു് വളരെ സന്തോഷമുണ്ടു്. കത്തോലിക്കപ്രവർത്തനരംഗത്തിലെ ഭാവിമാർഗ്ഗദർശികളായിരിക്കേണ്ട നമ്മുടെ വത്സലസന്താനങ്ങളാണു നിങ്ങൾ. പ്രേഷിതവൃത്തിയിൽ ഉള്ള നമ്മുടെ നിർദ്ദേശങ്ങൾ നിങ്ങൾവഴിയാണു് അറിയിക്കപ്പെടുന്നതു്. കത്തോലിക്കപ്രവർത്തനം എന്ന അതിന്റെ പേരുതന്നെ അതു് എത്ര സാവർത്രികമാണെന്നും, സർവ്വോപരി എത്ര പ്രാധാന്യമർഹിക്കുന്നതാണെന്നും, എത്ര അത്യന്താപേക്ഷിതമാണെന്നും വെളിവാക്കുന്നു.

ഈ വലിയ കത്തോലിക്കകുടുംബത്തിന്റെ ഓരോ ഭാഗത്തും, വിവിധങ്ങളായ ഭാഷകളും ആചാരങ്ങളും ഉള്ള ദിക്കുകളിൽ, ജന്മവാസനകൊണ്ടും, രാഷ്ട്രീയസ്ഥിതിഗതികൾകൊണ്ടും വിവിധസ്വഭാവത്തോടുകൂടിയ ജനങ്ങളുടെയിടയിൽ, ഹയരാക്കിയുടെ അപ്പൊസ്തോലികവേലയിൽ സഹപ്രവർത്തകരെ, രൂപവൽകരിക്കുന്നതിനും സഹായിക്കുന്നതിനും വിളിക്കപ്പെട്ടവരാണു നിങ്ങൾ. നിങ്ങളുടെ ഭാവിപ്രവർത്തനങ്ങളിൽ, അഭേദ്യമായി, അചഞ്ചലമായിരിക്കേണ്ട കാതലായ ഭാഗങ്ങളെ സംബന്ധിച്ചു്, റോമ്മായിലുള്ള പരിചയം സിദ്ധിച്ചുവരിൽനിന്നു് നിങ്ങൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. ഈശോമിശിഹായുടെയും അവിടുത്തെ സഭയുടെയും ആവശ്യത്തിലേക്കായി, ദൃഢവിശ്വാസത്തിന്റെയും പ്രവർത്തനവ്യമായ ഭക്തിയുടെയും പന്തങ്ങളെ ജ്വലിപ്പിച്ചുകൊണ്ടു്, അപ്പസ്തോലന്മാരെ ഒരുക്കുന്നതാണു നിങ്ങളുടെ അത്യുന്നതമായ ഏകോദ്ദേശ്യം.

ഇപ്പോൾ നിങ്ങളുടെ കടമ നിങ്ങൾക്കറിയാം. "കലകളുടെ കല" എന്നു് മഹാനായ വിശുദ്ധ ഗ്രിഗരി പറഞ്ഞതു് ആത്മാവുകളുടെ നിയന്ത്രണത്തെപ്പറ്റിയാണെന്നു് ഇപ്പോൾ നിങ്ങൾക്കറിയാം. തിരുസിംഹാസനത്തിന്റെ മതിപ്പിൽ, കത്തോലിക്കപ്രവർത്തനത്തിന്റെ—എല്ലാഭാഗങ്ങളിൽനിന്നും മെത്രാന്മാരുടെ ജാഗ്രതയോടുകൂടിയ നേതൃത്വത്തിൽ, അതേമനികളുടെ സജീവശക്തികളെ സംഭരിച്ചു വിശ്വാസത്തിന്റെ പ്ര

ചരണത്തിനും സംരക്ഷണത്തിനും ആയി ഒരുക്കി, ലോകത്തിൽ അവർ എത്ര കായ്പ്രാപ്തരാണോ, അത്രയുമധികം ഫലസംദായകരാക്കുന്ന കത്തോലിക്കപ്രവർത്തനത്തിന്റെ—വില നിങ്ങൾക്കറിയാം. നിങ്ങൾ ഏറ്റെടുത്ത ജോലി നിങ്ങളുടെ കടമയാണ് എന്ന മനഃപൂർവ്വമായ വിചാരം നിങ്ങൾക്കുണ്ടായിരിക്കണം എന്നാണ് നാം ആവശ്യപ്പെടുന്നത്. ആത്മാവുകളുടെ രക്ഷയും, സഭയുടെ ജീവിതത്തിന്റെ കാരണമായ ആ രാജ്യത്തിന്റെ—അതിൽമാത്രമെ മനസ്സിനും ഹൃദയത്തിനും സമാധാനം കണ്ടെത്തുവാൻ സാധിക്കയുള്ളു--പ്രചരണത്തിനും ആയി പരിശ്രമിക്ക എന്നതു് നിങ്ങളുടെ പൗരോഹിത്യത്തിനു് ചേർന്ന കടമയാണ്.

ഉന്നതമായ ഈ കടമയെ മനസ്സിലാക്കുമ്പോൾ, പഠനംകൊണ്ടു മാത്രം മതിയാകയില്ലെന്നും, അനുസ്യൂതമായ, വ്യക്തിയുടെ അനുഭവങ്ങളും ആവശ്യമാണെന്നും വെളിവാകുന്നു. നിങ്ങൾ നിയന്ത്രിക്കുന്ന ആത്മാവുകൾക്കു് നിങ്ങളുടെ ജീവിതമാതൃകകൊണ്ടു് ഗുരുക്കന്മാർ ആയിത്തീരുമ്പോൾ മാത്രമേ ലോകത്തിന്റെ ഉപ്പും പ്രകാശവും ആകുകയുള്ളു. അതുതന്നെയാണു വി. പൗലോസു് "ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ." (1 കൊറിന്ത്, 11, 1) എന്നു പറയുന്നതു്.

കത്തോലിക്കപ്രവർത്തനത്തിന്റെ ജീവനായ പ്രേഷിതചൈതന്യം വിശ്വാസികളിൽ ജനിപ്പിച്ചുകൊണ്ടുമാത്രമെ നിങ്ങൾ നിങ്ങളുടെ ജോലിയിൽ വിജയം പ്രാപിക്കുകയുള്ളു. സുവിശേഷത്തിന്റെ ആ ചൈതന്യം എല്ലാ സാമുദായികസാഹചര്യങ്ങളിലും, പ്രത്യേകമായി, ക്രിസ്തുവിന്റെ ശത്രുക്കൾ അധീനമാക്കുന്നതിനു് പരിശ്രമിക്കുന്നിടങ്ങളിലും വൈദികർക്കു പ്രവേശനം ലഭിക്കാത്തിടങ്ങളിലും പ്രവർത്തിപ്പിക്കുന്നതുപോലുള്ള ശക്തി ഈവിധമേ നിങ്ങളുടെ വാക്കിനു ലഭിക്കയുള്ളു.

പ്രകാശമേറിയ ഈ ജീവിതവിശുദ്ധി നിങ്ങൾക്കു് ലഭിക്കുന്നതിനു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. നിങ്ങളുടെ വൈദികകടമകളോടു വിശ്വസ്തരായിരിക്കുന്നതിനും ഭക്തിയിൽ വർദ്ധിക്കുന്നതിനും ഉപദേശിക്കുന്നതിനോടെ, അതിനുവേണ്ട അനുഗ്രഹങ്ങൾ ദിവ്യരക്ഷകനിൽനിന്നു് പ്രാർത്ഥിക്കയും നമ്മുടെ മൃദുഹൃദയത്തോടെ നിങ്ങളെയും നിങ്ങളുടെ പ്രേഷിതവേലയെയും അപ്പസ്തോലികാശീർവാദം തന്നു് അനുഗ്രഹിക്കയും ചെയ്യുന്നു."

യഹൂദന്മാർ.

അവരുടെ കുരിശിന്മേൽത്തൂക്കൽ.

(വന്ദ്യദിവ്യശ്രീ പുലിക്കോട്ട യൗസേഫ് റമ്പാൻ)

കൃപ്രസിദ്ധപാതകികൾക്കും ദ്രോഹികൾക്കും നൽകിവന്ന ഒരു ശിക്ഷയായിരുന്നുഇത്. ഇതിനു കുരിശു രണ്ടുതരത്തിൽ ഉണ്ടാക്കപ്പെട്ടിരുന്നു. അവയിൽ ഒന്ന്, പള്ളികളിലും മറ്റും കാണപ്പെടുന്ന വിധത്തിൽതന്നെ. മറ്റൊന്ന് ഇംഗ്ലീഷിൽ X അക്ഷരത്തിന്റെ ആകൃതിയിലും. കുരിശിന്റെ മുകളിലായി മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവന്റെ കുറ്റം രേഖപ്പെടുത്തിക്കവച്ചിരുന്നു. ഒരു പലകക്കഷണം പിടിപ്പിച്ചിരിക്കും. അതിനു പുറമെ, ആസനം താങ്ങത്തക്ക വിധത്തിൽ കുരിശിന്റെ മദ്ധ്യത്തിലായി ചെറിയൊരു താങ്ങും ഉണ്ടായിരിക്കും. നമ്മുടെ രക്ഷകൻ തൂങ്ങിക്കിടന്ന കുരിശിന്റെ ആകൃതി ഒന്നാമത്തു പറഞ്ഞ തരത്തിലുള്ളതായിരുന്നുഎന്ന് പറയേണ്ടതില്ലല്ലൊ. കുരിശിന്മേൽ തൂക്കിക്കൊല്ലുന്ന സമ്പ്രദായം ക്രിസ്താബ്ദം രണ്ടാംനൂറ്റാണ്ടിന്റെ മദ്ധ്യംവരെയും നടപ്പുണ്ടായിരുന്നതായി തെളിയുന്നുണ്ട്.

ഒരാളെ എത്രമാത്രം കഷ്ടപ്പെടുത്തിക്കൊല്ലാൻ സാധിക്കും എന്ന ആലോചനയുടെ ഫലമായി കണ്ടുപിടിക്കപ്പെട്ട ഒരു ശിക്ഷയാണിതെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. കുറ്റക്കാരനെ നഗ്നനാക്കി കൈകളും കാലുകളും തടിയോടു ചേർത്തു ആണിതറച്ചോ കെട്ടിയൊ ബന്ധിക്കുന്നു. ഇവയെ അവലംബമാക്കിയത്രെ അവൻ തൂങ്ങിക്കിടക്കുക. കൈകളും കാലുകളും ഞരമ്പുകളുടെ കേന്ദ്രസ്ഥാനങ്ങളാകയാൽ അപ്പോൾ അവനുണ്ടായേക്കാവുന്ന വേദനയും പൊരിച്ചിലും കടച്ചിലും എത്രമാത്രമെന്നു നാം പണിപ്പെട്ടാലോചിച്ചാലും നമുക്ക് സുഗ്രാഹ്യമാകാവുന്നതല്ല. ശരീരത്തിന്റെ ഭാരം മുഴുവനും കൈകാലുകളിന്മേലുള്ള ആണികൾ വഹിക്കാൻ ഇടയാവുമ്പോൾ, അവയാണെങ്കിൽ എങ്ങോട്ടും അനക്കുവാൻപോലും മാർഗ്ഗമില്ലാതെയുമിരിക്കുമ്പോൾ, ഞരമ്പുകളുടെ കോച്ചിവലിക്കൽ നിമിത്തമുണ്ടാകാവുന്ന പ്രാണവേദന വാചാമഗോചരമെന്നു പറയാവതുള്ളൂ. വാളുകൊണ്ടുള്ള വെട്ടോ, തോക്കുകൊണ്ടുള്ള വെടിയൊ, ആണെങ്കിൽ അരനിമിഷത്തിനുള്ളിൽ ആ പ്രാണസങ്കടം അനുഭവിച്ചു മരിച്ചുപോകുമെന്നു സമാധാനിക്കാവുന്നതാണ്. എന്നാൽ ഇതോ? അരനിമിഷം പോയിട്ട് ചിലപ്പോൾ രണ്ടുമൂന്നു ദിവസത്തോളം ചാവാതെ ചത്തിട്ട് അവൻ അവിടെ അരിഷ്ടിച്ചരിഷ്ടിച്ചു യ

ങ്ങിക്കിടക്കണം. ജീവിക്കുകയുമില്ല മരിക്കുകയുമില്ല—ആ വിധത്തിൽ ദുസ്സഹമായ വേദനയനുഭവിച്ചുകൊണ്ട് അവൻ എത്രനേരം അങ്ങനെ തൂങ്ങിക്കിടക്കണം! വിശപ്പിന്റേയും ദാഹത്തിന്റേയുംകാര്യം പറയേണ്ടതുമില്ല. അങ്ങനെ ഒടുവിൽ അവൻ മരിച്ചാലോ? ശവം കുരിശിന്മേൽ നിന്നിറക്കി കുഴിച്ചുമൂടാൻ പാടുള്ളതല്ല. അതു കുരിശിന്മേൽതന്നെ തൂങ്ങിക്കിടന്നു അഴുകിപ്പോകണം. അല്ലെങ്കിൽ കഴുകൻ മുതലായ പക്ഷികളോ കുറുക്കൻ മുതലായ ജന്തുക്കളോ കൊത്തിവലിച്ചു കടിച്ചു കീറിതിന്നുതീരുകയുംവേണം.

കുരിശിന്മേൽ തൂക്കിക്കൊല്ലുന്ന സമ്പ്രദായം ഈജിപ്ത്കാർ, പേർഷ്യാക്കാർ, ഗ്രീക്കുകാർ, കർത്തേജിയൻകാർ മുതലായ പൂർവ്വർഗ്ഗക്കാരുടെ ഇടയിൽ നടപ്പുണ്ടായിരുന്നതായി കാണുന്നുണ്ട്. നിർഭാഗ്യരായി യുദ്ധത്തിൽ തോറ്റുപോയ സേനാനായകന്മാരെ കാർത്തേജിയൻകാർ കുരിശിന്മേൽ തൂക്കിക്കൊല്ലുക പതിവായിരുന്നു. അവരുടെ രാജാവായ ബോമിൽകാർ അഗത്തോക്കിസിന്റെ പക്ഷം ചേരാനായി ശ്രമങ്ങൾ നടത്തുന്നുണ്ടെന്നു കണ്ടുപിടിച്ചപ്പോൾ അവർ അയാളെ പിടിച്ചു കൊട്ടാരത്തിന്റെ മുറ്റത്തു കുരിശിന്മേൽ തൂക്കിക്കൊന്നുകളഞ്ഞു. ഈ തരത്തിലുള്ള ശിക്ഷ റോമാക്കാരുടെയിടയിലും നടപ്പുള്ളതായിരുന്നു. അടിമകൾ, ഭൃത്യന്മാർ, തെണ്ടികൾ ആദിയായ അധഃകൃതരെയായിരുന്നു അവർ ഈ വിധം ശിക്ഷിച്ചു വന്നതു്. അതിനാലത്രെ പൗലൂസ്ശ്ലീഹാ ഫിലിപ്പിയരോടായി, "അവൻ ദാസരൂപമെടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ താഴ്ത്തി കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു" എന്നുപറയാനുണ്ടായ കാരണം. (ഫിലി. 2–7,8)

കുരിശിന്മേൽ തൂക്കപ്പെട്ടുള്ള മരണം ഏറ്റവും നിന്ദ്യവും അപമാനകരവുമത്രെ. അതിനെ നന്നായി സ്മരിച്ചുകൊണ്ടു നമ്മുടെ രക്ഷകന്റെ നിസ്സീമമായ സ്നേഹത്തെപ്പറ്റി പൗലൂസ്ശ്ലീഹാ, "അവൻ അപമാനം വകവെയ്ക്കാതെ കുരിശിനെ സുമീപിച്ചു" എന്നുഎബ്രായക്കാർക്കും, "മശിഹാ നമുക്കുവേണ്ടി മരിക്കുകയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" എന്നു റോമാക്കാർക്കും എഴുതീട്ടുണ്ടല്ലൊ. അങ്ങനെ അത്യധികം ആക്ഷേപകരമായ വിധത്തിൽ മൃതിപ്പെട്ടുപോയ ഒരാളെപ്പറ്റി ഇത്ര ശ്ലാഘനീയമായി പുകഴ്ത്തിപ്പറഞ്ഞിരുന്ന ക്രിസ്ത്യാനികളുടെ പേരിൽ ഗ്രീക്കുകാർക്കു അവജ്ഞതോന്നിയതു സ്വാഭാവികമെന്നുപറയേണ്ടതുള്ളൂ. "ഞങ്ങളൊ കുരിശിക്കപ്പെട്ട മിശിഹായെ പ്രസംഗിക്കുന്നു.....ഗ്രീക്കുകാർക്കു അതു ഭോഷത്വമാണു" എന്നു പൗലോസ്ശ്ലീഹാതന്നെ സമ്മതിക്കുന്നുണ്ട്. (1 കോറ. 1–23) ജനസാമാന്യത്താൽ വെറു

സ്കൂളുകളിലെ കത്തോലിക്കപ്രവർത്തനം.

[എൽ. ജെ. ചിറ്റൂർ]

നമ്മുടെ സ്കൂളുകളിലെല്ലാം കത്തോലിക്കപ്രവർത്തനസംഘത്തിന്റെ ശാഖകൾ സ്ഥാപിക്കുന്നതിനും അങ്ങനെ ക്രൂപതയിലെ കത്തോലിക്കവിദ്യാർത്ഥികളെ സംഘടിപ്പിക്കുന്നതിനും വന്ദ്യമെത്രാനച്ചൻതിരുമനസ്സുകൊണ്ട് കല്പിച്ചിട്ടുണ്ട്. പക്ഷെ, എന്താണു തങ്ങൾ ചെയ്യേണ്ടതെന്ന് പലരും ഇനിയും സംശയിക്കുന്നതായി തോന്നുന്നു. നമ്മുടെ പ്രൈമറിസ്ക്കൂളുകളും മറ്റു സ്ക്കൂളുകളിലെ മലയാളം പ്രാഥമികക്ലാസുകളും നീക്കി മറ്റു ക്ലാസുകളിൽ മലയാളത്തിലും ഇംഗ്ലീഷിലും പഠനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കായാണ് പ്രധാനമായി വിദ്യാർത്ഥിസംഘടന ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പ്രൈമറിസ്ക്കൂളുകളിൽ കത്തോലിക്കഅദ്ധ്യാപകന്മാർക്കായി ഒരു സി. ഏ. സി. സ്ഥാപിക്കയും, അവർ തങ്ങളുടെ വിദ്യാർത്ഥികളെ ഭാവിയിൽ അംഗങ്ങളാകുന്നതിന് ഒരുക്കുകയും ചെയ്താൽ മതിയാകും.

മലയാളം മിഡിൽസ്കൂളുകളിലും ഹൈസ്ക്കൂളുകളിലും ഇംഗ്ലീഷ് മിഡിൽസ്ക്കൂളുകളിലും ഹൈസ്കൂളുകളിലും ഉള്ള എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും സി. ഏ. സി. അംഗങ്ങൾ ആകാവുന്നതാ

ക്കപ്പെട്ട്, കുരിശിന്മേൽ തൂക്കിക്കൊല്ലപ്പെട്ടവനായ ഒരു ദ്രോഹിയെപ്പറ്റിയുള്ള ശ്ലീഹന്മാരുടെ സ്തുതിമായ പ്രഘോഷണങ്ങളും, അദ്ദേഹത്തെ ആധാരമാക്കിക്കൊണ്ട് ഒരു പുതിയ മതത്തെ സംബന്ധിച്ചു അവർ ചെയ്തവന്ന പ്രസംഗങ്ങളും കഥയില്ലാത്തവരുടെ പ്രലപനങ്ങളായി മാത്രം ഗ്രീക്കുകാർ പരിഗണിച്ചു. പുറജാതിക്കാരനാണെങ്കിൽ അവരും, മശിഹായുടെ മരണം എത്രയും നിന്ദ്യമായ വിധത്തിലായിരുന്നുവെന്നറിയുകയാൽ അദ്ദേഹത്തിൽ വിശ്വസിച്ചുകൊണ്ടു മതപരിവർത്തനം ചെയ്യുന്നതു, അറിഞ്ഞുകൊണ്ടു കിണറ്റിൽ ചാടുകയാണെന്നും തീണമാനിച്ചുകളഞ്ഞു. യഹൂദന്മാരുടെ ദൃഷ്ടിയിൽ കുരിശിന്മേൽ തൂക്കപ്പെട്ടുള്ള മരണം എത്രയോ നിന്ദ്യവുമായിരുന്നു. അതിനാൽ മനുഷ്യരാൽ മാത്രമല്ല, ദൈവത്താൽപോലും തിരസ്കരിക്കപ്പെട്ടവനായിരുന്നു യേശുഎന്ന് അവർ വിശ്വസിച്ചു. അങ്ങനെ മരിക്കാൻ ഇടയാകുന്ന ആരും ദൈവത്താൽ ശപിക്കപ്പെട്ടവനാണെന്നുള്ള അവരുടെ നിയമം അതിനു വേണ്ടതായ ഉറപ്പും നൽകി. (അപ്പവൃത്തനം 21-23) [തുടരും]

ണ്ട്; അവർ ആയിരിക്കേണ്ടതുമാണ്. അതിനാൽ സ്കൂളിന്റെ അധികാരം വഹിക്കുന്ന ബ. അച്ചന്റെ മേൽനോട്ടത്തിൽ കത്തോലിക്കവിദ്യാർത്ഥികളുടെ ഇടയിൽനിന്ന് അദ്ധ്യക്ഷനെയും, കാര്യദർശിയെയും, ഖജാൻജിയെയും ഓരോ ക്ലാസ്സിനും ഓരോ പ്രതിനിധി വീതമുള്ള കമ്മറ്റിയെയും തെരഞ്ഞെടുക്കുന്നതാണ് ആദ്യ ചടങ്ങ്. സ്ഥാനാർത്ഥികളായി നില്ക്കുന്നവരുടെ പേരു നൽകുന്നതിനാവശ്യപ്പെടുകയും പേരുതരുന്നവരിൽ അപ്രാപ്തരെന്നോ അയോഗ്യരെന്നോ തോന്നുന്നവരുണ്ടെങ്കിൽ അവരുടെ പേരു മാറ്റിയശേഷം മറ്റുള്ളവരുടെപേരുകൾവിദ്യാർത്ഥികളെ അറിയിക്കയും അവരിൽനിന്ന് 'വോട്ട്' (സമ്മതിദാനം) വഴിയായി തെരഞ്ഞെടുപ്പു നടത്തുകയും ചെയ്യുന്നതായിരിക്കും ഉചിതം. തെരഞ്ഞെടുത്ത ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം ശ്രുപതാസെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

അനന്തരം ഓരോ ക്ലാസ്സിലും പഠനക്കളരികൾ നടത്തുന്നതിന് ഏർപ്പാടുചെയ്യണം. കത്തോലിക്കാദ്ധ്യാപകന്മാർ ഇതിന്റെ മേൽനോട്ടം വഹിക്കും. ഒരു വിദ്യാർത്ഥി ഒരു വിഷയത്തെസംബന്ധിച്ച് നേരത്തെ ഒരുങ്ങിവന്ന് പ്രസംഗിക്കുകയോ ഉപന്യാസം വായിക്കുകയോ ചെയ്യും. മറ്റു വിദ്യാർത്ഥികൾ ആ വിഷയത്തെ സംബന്ധിച്ച സംശയങ്ങൾ പ്രസംഗകനോടു ചോദിക്കയും അയാൾ അവയ്ക്കെല്ലാം ഉത്തരം പറയുകയും ചെയ്യും. ഉത്തരം പറയുന്നതിനു വിദ്യാർത്ഥികൾ വിഷമിക്കുന്ന അവസരത്തിൽമാത്രം അദ്ധ്യാപകനോ വൈദികനോ സഹായിക്കും.

വർഷാരംഭത്തിലും ഇടയ്ക്കിടയ്ക്കും അസാധാരണമീറ്റിംഗുകൾ കൂട്ടുന്നത് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് നല്ലമാർഗ്ഗമാണ്. ചെറുവിനോദങ്ങൾ പ്രഹസനങ്ങൾ ആദിയായവമൂലം മറ്റു ജനങ്ങളെയും ആകർഷിക്കുവാൻ സാധിക്കും.

ശ്രുപതാകേന്ദ്രത്തിൽനിന്ന് നൽകുന്ന നിർദ്ദേശമനുസരിച്ച് പ്രചരണവേലകൾ ചെയ്യുന്നതിനൊ മറ്റുപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനൊ വിദ്യാർത്ഥികളെപ്രോത്സാഹിപ്പിക്കണം. അതതു ടേമത്തിൽ നടക്കുന്ന സംഭവങ്ങളുടെ റിപ്പോർട്ടുകൾ ശ്രുപതാസെക്രട്ടറിക്ക് അയച്ചുകൊണ്ടിരിക്കയും ചെയ്യണം.

കേന്ദ്രത്തിൽനിന്ന് നടത്തുവാൻ ഉദ്ദേശിക്കുന്ന ഉപന്യാസമത്സരം, പ്രസംഗമത്സരം, മത്സരക്കളികൾ ആദിയായവയിൽ പങ്കുകൊള്ളുന്നതിനും അവരെ പ്രേരിപ്പിക്കേണ്ടതാണ്. ഇവയെല്ലാം മറ്റുസ്കൂളുകളിലെ വിദ്യാർത്ഥികളുമായി പരിചയപ്പെടുന്നതിനും മറ്റും സഹായിക്കും.

കത്തോലിക്കപ്രവർത്തനത്തിനു വേണ്ടിയുള്ള പ്രാരംഭസംജ്ഞീകരണം.

II

യൂറോപ്യൻരാജ്യങ്ങളിലെ കത്തോലിക്കപ്രവർത്തനസംഘടനകളിൽ നിരീക്ഷിക്കുക, നിർണ്ണയിക്കുക, പ്രവർത്തിക്കുക എന്നീമൂന്നുസിദ്ധാന്തങ്ങളും സുദൃഢം സ്വീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ പ്രേഷിതവൃത്തിയുടെ രംഗമായ ചെറിയലോകത്തെ നിരീക്ഷിക്കുക; പിന്നിട്ട് എന്താണു ചെയ്യേണ്ടതെന്നു, അവിടെ നിങ്ങൾ ചെയ്യേണ്ടതെന്നു, അവിടെ നിങ്ങൾ ചെയ്യേണ്ട ഏററവും നല്ലകായ്ങ്ങൾ ഏവയെന്നു നിർണ്ണയിക്കുക; അതിനു ശേഷം പ്രവർത്തിക്കുക. ഉദാഹരണമായി, നിങ്ങൾക്കു പരിചയമുള്ള ഏതേതു ആളുകളെ സംഘത്തിൽ ചേർക്കാൻ കൊള്ളുമെന്നു നിരീക്ഷിക്കുകയും അവർ അതിനു തയാറാണോ എന്നും അതിനു് അവരെ പ്രേരിപ്പിക്കേണ്ടതു് എങ്ങനെയെന്നും നിർണ്ണയിക്കുകയും അതിനുശേഷം സംഘത്തിൽ അവരെ ചേർക്കുന്നതിനു വേണ്ട പ്രവർത്തനം ആരംഭിക്കുകയുംവേണം.

ഒരു സംഘത്തിനു് അതിന്റെ ഇടവകയിലെ ജനങ്ങളുടെ ജീവിതരീതിയെപ്പററിതന്നെ ആദ്യമായി നിരീക്ഷണങ്ങൾ നടത്താം. അനന്തരം ദിവ്യബലിയിൽ സംബന്ധിക്കുന്ന കത്തോലിക്കർ എത്രയുണ്ടെന്നും ക്രമാശകം സ്വീകരിക്കാത്തവർ എത്രയെന്നും അതിനു് എന്തുനിവൃത്തിമാർഗ്ഗമെന്നും മററും അന്വേഷിക്കണം. ക്രമാശകം സ്വീകരിക്കാത്ത ഓരോ പ്രത്യേക വ്യക്തിയേയും സംബന്ധിച്ചിടത്തോളം എന്തുനടപടി സ്വീകരിക്കണം?

കത്തോലിക്കപത്രങ്ങളും മാസികകളും എത്രമാത്രം ചിലവാകുന്നു

ഇതേവരെ ശാഖകൾ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽനിന്നു് കഴിയുന്നത്രയും വേഗത്തിൽ ശാഖകൾ സ്ഥാപിച്ചു് രൂപതാസെക്രട്ടറിയുടെ പേക്കു് റിപ്പോർട്ടയയ്ക്കുമെന്നു വിശ്വസിക്കുന്നു.

N. B. ഇംഗ്ലീഷ് ഹൈസ്ക്കൂൾക്ലാസ്സുകളിലെ സി. എ. സി; അംഗങ്ങൾ എം. സി. വൈ. എൽ അംഗങ്ങൾകൂടി ആയിരിക്കത്തക്കവിധം വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അതിനു് അവർ പ്രത്യേകമായി യാതൊന്നും ചെയ്യേണ്ടതില്ല. അതു് സംബന്ധിച്ചു് എഴുത്തുകുത്തുകൾ രൂപതാസെക്രട്ടറിവഴിനടത്തേണ്ടതാണു്.

ണ്ട്? അവഇനിയും വില്ക്കപ്പെടേണ്ട ആവശ്യമുണ്ടോ? അവ വില്ക്കപ്പെടുന്നില്ലാത്തത് എന്തുകൊണ്ട്? അതിനു നമുക്കെന്തുചെയ്യാൻ കഴിയും?

നമ്മുടെ മതസിദ്ധാന്തങ്ങളെപ്പറ്റിയും ചരിത്രത്തെപ്പറ്റിയും പഠിക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ നാം കത്തോലിക്കപ്രസ്തകങ്ങൾ വായിക്കണമൊ?

നമ്മിൽഎത്രപേർ കത്തോലിക്കപ്രസ്തകങ്ങൾ വായിക്കുന്നുണ്ട്? ഏതെല്ലാം കത്തോലിക്കപ്രസ്തകങ്ങൾ? ഏതെല്ലാം കത്തോലിക്കപുസ്തകങ്ങളാണ നാം വായിക്കേണ്ടത്? കത്തോലിക്കപ്രസ്തങ്ങൾ നമുക്ക് വായിക്കാനൊ അഥവാ വില്ക്കുവാങ്ങിക്കാനോ പറ്റുന്ന ഏതെങ്കിലും സ്ഥലമുണ്ടോ? കുറെ പുസ്തകങ്ങളെങ്കിലും നാം വാങ്ങിക്കേണ്ടയൊ? എവിടെനിന്ന്? എങ്ങനെ?

നമ്മുടെ പട്ടണത്തിലെയൊ അഥവാ ഡിസ്ട്രിക്ടിലേയോ ജീവിതരീതിയെപ്പറ്റി നമുക്കു വല്ലനിശ്ചയവുമുണ്ടോ? അതിന്റെ സാമ്മാന്യകനില എന്താണ്? അതുകൊണ്ട് പണിഎടുക്കുന്നതു് എവിടെയൊക്കെയാണ്? ഇതിലോ അല്ലെങ്കിൽ വേറൊരു വ്യവസായശാലയിലൊ എത്രദൃശസ്ഥിതിഗതികൾ എങ്ങനെയാണ്? സാമ്മാർഗ്ഗികനിയമങ്ങൾക്കും ന്യായയുക്തമായ ജിവിതരീതിക്കും അവർ വിധേയരാണോ? തൊഴിലില്ലായ്മഅധികമുണ്ടോ? തൊഴിലില്ലായ്മയുടെ ഫലങ്ങൾ എന്തൊക്കെയാണ്?അതിന്റെ കാരണങ്ങൾ എന്തെല്ലാം? തൊഴിലില്ലാത്തവർക്കു ജീവിക്കുവാൻ ആവശ്യമായ വല്ലതും കിട്ടുന്നുണ്ടോ? അവരുടെ ജീവിതരീതി എന്താണെന്നു വാസ്തവത്തിൽ നമുക്കറിയാമോ? എന്തുകൊണ്ടുനാം അതു് അന്വേഷിക്കുന്നില്ല? ഇവയിൽ പ്രത്യേകവിധത്തിലുള്ള അനീതികൾ വല്ലതുമുണ്ടോ? അതിനെ ദൂരീകരിക്കുന്നതിനായി നാം എന്തുചെയ്യണം?

ഞാൻ മുകളിൽ പ്രസ്താവിച്ചതുപോലെ യൂറോപ്പിലെ കത്തോലിക്കപ്രവർത്തനസംഘടനകളുടെയിടയിൽ ഈ അന്വേഷണസമ്പ്രദായം വളരെയധികം വളർച്ച പ്രാപിച്ചിട്ടുണ്ട്. വളരെയധികം പ്രയോജനകരമായ ഒരു വിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ അടിസ്ഥാനമിടുകയാണ് അതു യഥാർത്ഥത്തിൽ ചെയ്യുന്നതു്. ഈ പ്രസ്ഥാനം സാക്ഷാത്തായ പ്രവർത്തനം, കത്തോലിക്കപ്രവർത്തനം ആണ്. ഒരു തത്വമെന്ന നിലയിൽ കത്തോലിക്കപ്രവർത്തനത്തെപ്പറ്റി പഠിക്കുവാൻ പ്രയാസമാണ്; പ്രവർത്തനം മുഖേന നാം അതു പഠിക്കുന്നു. അതിനായുള്ള പ്രവർത്തനത്തിനായി നാം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

ഓരോ സംഘത്തിന്റെയും യോഗങ്ങളിൽ അതിന്റെ നിദ്ധനില്ലി

നാവശ്യമായ പ്രാത്ഥന, പഠനം എന്നീ ഘടകങ്ങൾക്കു സൗകര്യമുണ്ടായിരിക്കണം. ഓരോ യോഗങ്ങളിലും അതിനു മുൻപിലത്തെ യോഗത്തെപ്പറ്റിയും അടുത്ത യോഗത്തെപ്പറ്റിയും പയ്യാലോചിക്കയുംവേണം. അങ്ങനെ സംഘയോഗങ്ങൾ തുടർച്ചയായി, ഐകരൂപ്യമുള്ളവയായി നടത്തപ്പെടണം.

ഒരു സംഘം ആദ്യമായി രൂപീകരിക്കപ്പെടുമ്പോൾ അതു് അതിന്റെ അദ്ധ്യക്ഷനെ തിരഞ്ഞെടുക്കണം, അദ്ദേഹം ഒരു അത്മനിയായിരിക്കും. സംഘത്തിലെ എല്ലാ ഉദ്യോഗസ്ഥന്മാരും അത്മനികളായിരിക്കും കത്തോലിക്കപ്രവത്തനത്തിൽ വൈദികനു പ്രധാനങ്ങളായ അസംഖ്യം കാര്യങ്ങൾ ചെയ്യാനുണ്ടെങ്കിലും അതു് ഒരു അത്മായപ്രേഷിതവൃത്തിയാണു്. വൈദികന്റെ ചുമതലകളും അത്മനികളായ ഉദ്യോഗസ്ഥന്മാരോടു് അദ്ദേഹത്തിനുള്ള ബന്ധവും സിവാർഡിയുടെ പുസ്തകത്തിൽ (ഏഴാംഅദ്ധ്യായത്തിൽ പ്രത്യേകിച്ചും) വിവരിച്ചു പറഞ്ഞിട്ടുണ്ടു്. വൈദികന്റെ ശരിയായസ്ഥാനം എന്തെന്നു വൈദികനും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതു അത്യന്താപേക്ഷിതമായ ഒരു കാര്യമാണു്.

സംഘത്തിന്റെ ആരംഭകാലത്തു ചുരുങ്ങിയതു രണ്ടു ഉദ്യോഗസ്ഥന്മാരെങ്കിലും—ഒരു അദ്ധ്യക്ഷനും ഒരു സിക്രട്ടറിയും—ഉണ്ടായിരിക്കേണ്ടതാണു്.

സംഘത്തിലെ ഏറ്റവും യോഗ്യനായിരിക്കുന്ന ആളായിരിക്കണം അദ്ധ്യക്ഷൻ. സംഘംരൂപീകരിക്കുന്നതിനു് ആദ്യമായി ഉത്സാഹിക്കുന്നതു് അയാളാണു്. മിക്കവാറും അങ്ങനെയാണു കാണുന്നതു്. എന്നാൽ ഇതു് അയാളുടെ യോഗ്യതയുള്ള മതിയായ തെളിവായി സ്വീകരിക്കരുതു്. അയാൾ നല്ല സന്മാർഗ്ഗനിഷ്ഠയുള്ളയാളും ആദ്ധ്യാത്മികകാര്യങ്ങളിൽ താല്പര്യമുള്ളയാളും ആയിരിക്കണം. സംഘത്തിനു കുറച്ചൊക്കെ, പൊതുവിൽ ഭക്തിപരമായ ജീവിതമുള്ളതുകൊണ്ടു ഇതു പരീക്ഷിക്കുവാൻ എളുപ്പത്തിൽ കഴിയും. അയാൾ ധാരാളം പുസ്തകങ്ങൾ വായിച്ചിരിക്കേണമെന്നില്ല. എന്നാൽ അയാൾ ക്രമാനുസ്യതമായും കാര്യമായും വായിക്കുവാൻ തുടങ്ങണമെന്നുള്ളതു് അത്യാവശ്യമാണു്. സംഘത്തിന്റെ ശിക്ഷണം അധികമായും അയാളുടെ കയ്യിലായതുകൊണ്ടു അയാൾ തന്നൊത്തന്നെ ശിക്ഷണബോധമുള്ളവനാക്കുവാൻ ശ്രമിക്കണം.

സംഘംവക എഴുത്തുകുത്തുകൾ നടത്തുകയും രേഖകൾ സൂക്ഷിക്കുകയുമാണു സിക്രട്ടറിയുടെ ജോലി. ആദ്യംമുതൽക്കുതന്നെ സംഘാംഗങ്ങളുടെ പേരുവിവരം എഴുതിയിട്ടുള്ള ഒരു പുസ്തകമുണ്ടായിരിക്കണം. പതിവായി യോഗങ്ങളിൽ സംബന്ധിക്കാൻ ഉപേക്ഷ കാണിക്കുന്നവരേയും സംബന്ധിക്കാൻ നിവൃത്തിയില്ലാത്തവരെയും അംഗങ്ങളായിരി

ക്കാൻ സമ്മതിക്കരുത്. വെറുതെ അംഗങ്ങളെ വർദ്ധിച്ചു സംഘത്തിന്റെ നടത്തിപ്പിന്റെ കാര്യക്ഷമതയ്ക്കു ഹാനിതട്ടുന്നതിൽ ഭേദം ദൃഢമായ നിശ്ചയത്തോടും ഉത്സാഹത്തോടും പ്രവൃത്തിസന്നദ്ധതയോടുംകൂടിയ രണ്ടോമൂന്നോ അളുകൾമാത്രം ഉണ്ടായിരിക്കുന്നതാണ്.

സംഘത്തിന് ഉപയോഗിക്കുവാൻ സാധിക്കുന്ന നല്ലൊരു കത്തോലിക്കലൈബ്രറി അടുത്തെങ്ങും ഇല്ലാത്തപക്ഷം പുസ്തകങ്ങളും, പത്രങ്ങളും ലഘുലേഖകളും അടങ്ങിയ ഒരു ലൈബ്രറി സ്ഥാപിക്കണം. ഇവയൊക്കെ അംഗങ്ങൾ വായിക്കുന്നുണ്ടോയെന്ന അദ്ധ്യക്ഷൻ പരിശോധിക്കുകയും അവരെക്കൊണ്ടു വായിപ്പിക്കയും വേണം. ഈ പുസ്തകങ്ങളേയും പത്രങ്ങളേയും ക്രമമായി സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും മടക്കിവാങ്ങിക്കുന്നതിനും ചുമതലപ്പെട്ട ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കണം. അങ്ങനെ ഒരു ലൈബ്രേറിയന്റെ ആവശ്യം നേരിടുന്നു. പുസ്തകങ്ങൾക്കും പത്രങ്ങൾക്കും ലഘുലേഖകൾക്കും പണം ആവശ്യമായതുകൊണ്ട് അതു സൂക്ഷിക്കുവാൻ ഒരു ഖജാൻജിയുംവേണം.

ആദ്യത്തെ യോഗത്തിൽതന്നെ സംഘം ഈ ഏർപ്പാടുകളൊക്കെ ചെയ്യണം. തങ്ങളുടെ വൈദികന്റെ ഉപദേശത്തോടുകൂടി തങ്ങൾ ഉപയോഗിക്കേണ്ട പ്രാർത്ഥനകൾ എന്തൊക്കെയാണെന്നും സംഘത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധൻ ആരായിരിക്കണമെന്നും നിശ്ചയിക്കണം. എന്നാൽ തോന്നിയപോലെ ഒരു വിശുദ്ധനെ തിരഞ്ഞെടുക്കാതിരിക്കാൻ സൂക്ഷിക്കണം. സംഘത്തിലെ ഓരോ അംഗവും അവർക്കു യോജിച്ചതെന്നു തോന്നുന്ന ഓരോ വിശുദ്ധന്റെ പേർപറകയും ആ വിശുദ്ധൻ സംഘത്തിന്റെ മദ്ധ്യസ്ഥനായിരിക്കുന്നതിനു കൂടുതൽ അർഹനാണെന്നുള്ളതിനു ന്യായങ്ങളും ചുണ്ടിക്കാണിക്കുകയുംവേണം. അങ്ങനെ ഓരോരുത്തരും തങ്ങൾക്കു യുക്തമെന്നു തോന്നുന്ന വിശുദ്ധനെ മദ്ധ്യസ്ഥനായി സ്വീകരിക്കുന്നതിനുവേണ്ടി വാദിക്കുക.

———o———

പരസ്യം

അരുളിക്കാ, കാസാ, കുന്തോദി, മുതലായവ വിലയ്ക്കുവില്ക്കപ്പെടുന്നു. ഇവയെ ഇംഗ്ലീഷ് ബാററിയുടെ സഹായത്താൽ സ്വർണ്ണത്തിലും വെള്ളിയിലും പൂശിക്കൊടുക്കുന്നതിനും പുതിയ മുത്തുകൂടകൾ വിലയ്ക്കുകൊടുക്കുന്നതിനും എപ്പോഴും തയ്യാറുണ്ട്.

പി. ഏ. വാവുണ്ണി, അങ്ങാടി, പലാ.

പരിപൂർണ്ണതാദർശം

(തുടർച്ച)

[റവ. ജെ. വേഴമ്പത്തോട്ടം]

ഈശോയിലേക്കുള്ള രൂപാന്തരം. നമ്മുടെ ആത്മാക്കൾ തന്നിക്കനുരൂപമായി രൂപാന്തരപ്പെടുന്നതിനു ദൈവം നിശ്ചയിച്ചിരിക്കുന്നു. ഈ രൂപാന്തരം ഉണ്ടാകുന്നതിനു നമ്മുടെ ആത്മാക്കളെ വെയ്ക്കുണ്ട 'മൂശ' മറിയംതന്നെ ഈ മൂശയിൽ വയ്ക്കപ്പെടുന്നവൻ കാലതാമസം കൂടാതെ മിശിഹായിക്കനുരൂപനായിത്തീരുകയും ഈശോ അവനോടു സംയോജിക്കുകയും ചെയ്യുന്നു. കുറഞ്ഞ കാലയളവിൽ അവൻ ഒരു ദൈവത്തിനു സദൃശനായി ഭവിക്കുന്നു.

ആത്മാക്കൾക്ക് ദൈവസാദൃശ്യം രണ്ടുവിധത്തിൽ സംഭവിക്കാം. ദൈവമാതാവിനോടു വിശിഷ്യും പ്രത്യേകതരവുമായ ഭക്തിയൊന്നും കൂടാതെതന്നെ സാധാരണരീതിയിൽ ക്രിസ്ത്യാനികൾക്കനുയോജ്യമായ ജീവിതം നയിച്ചും, പ്രമാണങ്ങളനുസരിച്ചും യോഗൃതയോടുകൂടെ കൂദാശകൾ സ്വീകരിച്ചും പ്രാർത്ഥിച്ചും പരിശുദ്ധമായ ജീവിതത്തിനും പുണ്യസമ്പാദനത്തിനും നിരന്തരം പരിശ്രമിച്ചും പ്രസാദവരത്തോടുകൂടെ മരിക്കുന്നവരിൽ ഉണ്ടാകുന്നതാണ് ഒന്നാമത്തേതു്.

മേല്പറഞ്ഞ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുകൊണ്ട് മറിയത്തിലും അവളോടൊരുമിച്ചുമുള്ള പ്രത്യേകഭക്തിയാകുന്നു രണ്ടാമത്തെ വിധം. എന്നാൽ പരിശുദ്ധാത്മാവിന്റെ രൂപാന്തരവേലയ്ക്കു പരിപൂർണ്ണമായി ആത്മസമർപ്പണം ചെയ്തുകൊണ്ടും ഉത്തമവും ശുദ്ധമൂലവുമായ ഭക്തിമുഖേന തന്നെത്തന്നെ മറിയത്തിൽ ലയിപ്പിച്ചുകൊണ്ടും വേണം അവയെ ഉപയോഗിക്കുവാൻ.

ഈ സത്യത്തെ വിശദമാക്കുന്നതിനു പര്യാപ്തമായ ഒരു ഉപമ അനുഗൃഹീതനായ ദെ മോൺഫ്ട് ഫോർട്ട് ഉപയോഗിക്കുന്നുണ്ട്. 'ഒരാളിന്റെ പ്രതിമ നിർമ്മിക്കുന്നതിനു രണ്ടു മാർഗ്ഗമുണ്ട്. കൊത്തുപണിക്കാരൻ തന്റെ വാസനാവൈഭവവും, പ്രവൃത്തിചാതുര്യവും, കലാജ്ഞാനവും, ശരീരശക്തിയും, വിശിഷ്ടോപകരണങ്ങളും ഉപയോഗിച്ചുകൊണ്ടുണ്ടാക്കുന്നതു് ഒന്ന്. ഒരു 'മൂശ'യുടെ സഹായത്തോടുകൂടെ ചെയ്യുന്നതു് രണ്ടാമത്തെ വിധവുമാകുന്നു.

അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നു. തങ്ങളിൽതന്നെയോ മറവുള്ളവരിലോ മിശിഹായെ രൂപവത്കരിക്കുന്നതിനാഗ്രഹിക്കുന്ന അധികാരികളേയും, ഭക്തജനങ്ങളേയും, തങ്ങളുടെ സാമർത്ഥ്യത്തിൽ ആത്മവിശ്വാ

സമൂള്ള കൊത്തുപണിക്കാരോട്ട് തുലനം ചെയ്യാമെന്ന് എനിയ്ക്കു തോന്നുന്നു. കട്ടപ്പുമുള്ള ഒരു തടിക്കഷണംകൊണ്ടോ, മാർബിൾകൊണ്ടോ നമ്മുടെ ദിവ്യരക്ഷാനാഥന്റെ ഒരു പ്രതിമ നിർമ്മിക്കുന്നതിന് എത്രയധികം വേല ചെയ്യണം. ഈശോയുടെ രൂപം ശരിയായി അറിയാത്തതുകൊണ്ടോ, അസ്ഥാനത്തുകൊണ്ട ഒരു വെട്ടുകൊണ്ടോ, അവരുടെ ദീർഘകാലത്തെ വേലയും, ശ്രമവും, ബദ്ധപ്പാടും എത്രയോപ്രാവശ്യം ഫലശൂന്യമായിത്തീരാറുണ്ട്. എന്നാൽ ഞാൻ വെളിവാക്കുവാൻ പോകുന്ന യഥാർത്ഥമരിയഭക്തിയെ സമാശ്ലേഷിക്കുന്നവൻ, സ്വാഭാവികവും എന്നാൽ ദൈവികവുമായവിധം ഈശോയെ രൂപവത്കരിച്ച വിശിഷ്ടതമവും പരിപൂർണ്ണവുമായ മറിയമെന്ന 'മൂശ' കണ്ടുപിടിച്ചവർക്കു സമമാണെന്നു ന്യായപൂർവ്വം പറയാം. മിശിഹായുടെ പ്രതിരൂപമായ ആയിത്തീരുന്നതിന് അവർ സ്വസാമർത്ഥ്യത്തിൽ ആശ്രയിക്കാതെ 'മൂശ'യുടെ മേന്മയിലും പൂർണ്ണതയിലും പ്രത്യാശ മുഴുവൻ നിക്ഷേപിച്ചുകൊണ്ട് തങ്ങളെ മറിയത്തിലേയ്ക്ക് എറിഞ്ഞ് അവളിൽ പരിതൃജിക്കയും ചെയ്യുന്നു.

ഓ, എത്ര ഹൃദ്യവും യഥാർത്ഥവുമായ ഒരു താരതമ്യവിവേചനം! എന്നാൽ, ആരെങ്കിലും താത്പര്യത്തോടും, ശ്രദ്ധയോടും, സൂക്ഷ്മബുദ്ധിയോടുംകൂടെ നിന്ദ്യവും ദുഷ്ടവുമായ വാസനകളേയും, ഹൃദയാഭിലാഷങ്ങളേയും നിഹനിച്ച്, മിശിഹായേയും മറിയത്തേയും വിജയപൂർവ്വം അനുകരിക്കുന്നതിനും അനുഗമിക്കുന്നതിനും ഔത്സുക്യം പ്രദർശിപ്പിക്കുന്നില്ലെങ്കിൽ ഈശോയോ മറിയമോ ആയി രൂപാന്തരപ്പെടുവാൻ അയാൾ പ്രാപ്തനാകുകയില്ല.

യഥാർത്ഥവും, സുദൃഢവും, പരിപൂർണ്ണവുമായ ഈ ഭക്തിമുഖേന മറിയമാകുന്ന മൂശയിൽ സ്വയം വയ്ക്കുകയും, നാശകരമായ ദുഷ്പ്രാച്ചിലുകൾകൊണ്ട് അവളുടെ ഹൃദയത്തെ വേദനിപ്പിക്കാതെ തന്നെത്തന്നെ അവർക്കു സമർപ്പിക്കുകയും ചെയ്യുന്നവൻ സത്യദൈവമായ മിശിഹായിക്കനുരൂപനാകുന്നു. ഈ ഭാവഭേദം ക്രമേണയും മനുഷ്യബലഹീനതയ്ക്കനുയോജ്യമായ രീതിയിലുമാണ് സംഭവിക്കുന്നത്.

മഹത്തമവും ഫലപ്രദവുമായ എല്ലാ അനുഗ്രഹങ്ങളും, നന്മകളും, ദാനങ്ങളും നമുക്കുലഭിക്കുന്നതിന്, അല്ല, നാം ഒടുവിലായി രൂപാന്തരപ്പെടുന്നതിന്, പര്യാപ്തവും ദൈവനിയുക്തവുമായ മാർഗ്ഗം മറിയമാണെന്ന മേൽപ്രസ്താവിച്ച എട്ടുകാരണങ്ങൾകൊണ്ടു ഡെ മോൺട്ട്ഫോർട്ട് വിശദമാക്കി. അനന്തരം സ്വയം നിയന്ത്രിക്കുവാൻ നിവൃത്തികാണാതെ മറിയസ്തുതികളെകീർത്തിക്കുന്നതിനും പരിശുദ്ധവും ആ

നന്ദസദായകവുമായ ഈ ഭക്തിവഴി അവളെകണ്ടെത്തുന്നവർ അനുഗൃഹീതരാകുന്നുവെന്ന് ഉദ്ഘോഷിക്കുന്നതിനും അദ്ദേഹം ഉദ്യുക്തനാകുന്നു.

ദൈവംകഴിഞ്ഞാൽ മറിയം ഏറ്റവും വലിയവളാകുന്നു. മറിയത്തേപ്പോലെ, ദൈവമഹത്വം വെളിപ്പെടുത്തുന്നതിനുള്ള ഒരുസൃഷ്ടിയും ഉണ്ടായിട്ടില്ല. ആനന്ദാനുഭൂതിയ്ക്കും, അത്ഭുതപ്രവർത്തനത്തിനും, സംരക്ഷണകൃത്യത്തിനുമായിദൈവസുതൻ പ്രവേശിച്ചുവാഴാമഗോചരമായ ലോകം അവളാകുന്നു. മറിയംദൈവത്തിന്റെ പട്ടണവും അവിടുത്തെ സജീവ സിംഹാസനവുമാകുന്നു.

മൂഹാദക്കദശാ, ഏതൊരാത്മാവിന് മറിയത്തിന്റെ രഹസ്യങ്ങളും അല്ലാ, മറിയത്തെത്തന്നെ ആവിഷ്ക്കരിക്കുന്നുവോ, ഏതൊരാത്മാവിനു പ്രവേശനാനുവാദം നൽകിക്കൊണ്ട് 'അടയ്ക്കപ്പെട്ടിരിക്കുന്ന ഈ ഉദ്യാനത്തെത്തുറന്നുകൊടുക്കുന്നുവോ, ഏതൊരാത്മാവിനു പ്രസാദവരമാകുന്ന സജീവജലം സ്വീകരിക്കുന്നതിനും തൃപ്തിയടയുന്നതുവരെ പാനം ചെയ്യുന്നതിനും സമ്മതംനൽകിക്കൊണ്ട് 'മുദ്രിതമായ ഈ ഉറവ'യിലേക്കു മാർഗ്ഗനിർദ്ദേശംചെയ്തുകൊടുക്കുന്നുവോ, ആ ആത്മാവ് ഭൂമിയിൽ സൗഭാഗ്യവതിതന്നെ സംശയമില്ല. ആ ആത്മാവ് ഇതരസൃഷ്ടികളുടെ സഹായംകൂടാതെ ഈമനോഹരസൃഷ്ടിയിൽ ദൈവത്തെമാത്രം കാണും. സൃഷ്ടികർത്താവിനെ മറിയത്തിൽ കാണാവുന്നതുപോലെ മറ്റൊരുടത്തും സാധിക്കുകയില്ല. ദൈവം അവളിൽ വസിച്ചത് ഏതുദ്ദേശസിദ്ധിക്കായി മാത്രമാണ്. ബലവാന്മാരുടെയും ദൈവദൂതന്മാരുടേയും ഭോജനസാധനംപോലെയാണ് മറ്റെല്ലായിടത്തും ദൈവംകാണപ്പെടുന്നത്. എന്നാൽ ബലഹീനരായ ശിശുക്കൾക്കുള്ള യോജ്യമായ അപ്പത്തിനുസമമാണ് അവിടുന്നു മറിയത്തിൽ ദൃശ്യമാകുന്നത്.

മറിയം രൂപാന്തരംപ്രാപിച്ചുദൈവത്തിൽ ലയിച്ചിട്ടുണ്ട്. അനന്യസുലഭമായ ഒരുമാറ്റമാണ് അവളിൽ സംഭവിച്ചിട്ടുള്ളത്. അവളിൽ സംഭവിച്ചിട്ടുള്ള രൂപാന്തരവും ഏറ്റവുംമഹത്വംപ്രാപിച്ചിട്ടുള്ളവരും അനുഗൃഹീതരുമായപുണ്യാത്മാക്കളിൽ ഉണ്ടായിട്ടുള്ള രൂപവ്യത്യാസവുംതമ്മിൽ സ്വർഗ്ഗവും ഭൂമിയും പോലെയുള്ള ഭേദമുണ്ട്. അത്ര അതിരുകവിഞ്ഞതാണ് അവളുടെ നന്മപ്രഭാവം. മറിയം ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടവളാണ്. ദൈവത്തിൽമാത്രം സ്ഥിതിചെയ്യുകയും ചെയ്യുന്നു. എപ്പോഴെങ്കിലും നാം ദൈവമാതൃകരങ്ങളിൽ നമ്മെ സമർപ്പിക്കുന്നെങ്കിൽ അവൾക്കായി നമ്മെ സൂക്ഷിക്കുന്നില്ലെന്ന നമുക്ക് അനുഭവവേദ്യമാകും. എങ്ങനെയെന്നാൽ എത്രകണ്ട് സ്നേഹാദരങ്ങളോടും ഔദാര്യധൈര്യവിനയാദികളോടുംകൂടെ അവളെ നാം സമീപിക്കുന്നുവോ, അത്രക

ണ്ടു സ്നേഹാർദ്രതയോടും പരിപൂർണ്ണതയോടുംകൂടെ അവനെ നമ്മെ ദൈവത്തിൽ ലയിപ്പിച്ചു് ഈശോയോടു് സംയോജിപ്പിക്കുന്നു. മറിയം ദൈവത്തിന്റെ വിശ്വസ്തപ്രതിധ്വനിയാകുന്നു. നാം മറിയമെന്നു വിളിക്കുമ്പോൾ അവൾ ദൈവമെന്നു പ്രത്യുത്തരം നൽകുന്നു.

മറിയം ദൈവത്തിന്റെ അത്ഭുതാവഹമായ പ്രതിധ്വനിയാണെന്നു വിശ്വസിച്ചതുകൊണ്ടു വി. എലിസബത്തു് അവളെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിച്ചു. അപ്പോൾ മറിയം 'എന്റെ ആത്മാവു് കർത്താവിനെ മഹത്വപ്പെടുത്തുന്നു' എന്നു പറഞ്ഞുകൊണ്ടു ദൈവത്തെ സ്തുതിക്കുകമാത്രമാണു ചെയ്തതു്. തദവസരത്തിൽ അവൾ അത്യുന്നതനെ പുകഴ്ത്തിയതുപോലെതന്നെ എപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. അവളെ സ്നേഹിക്കുകയോ, സ്തുതിക്കുകയോ, ബഹുമാനിക്കുകയോ, വാഴ്ത്തുകയോ ചെയ്യുന്നെങ്കിൽ അക്കാരണത്താൽത്തന്നെ അവളാലും അവളുടെനയും ദൈവം സ്തുതിക്കപ്പെടുകയും, ബഹുമാനിക്കപ്പെടുകയും, സ്നേഹിക്കപ്പെടുകയുമത്രേ ചെയ്യുന്നതു്. നാം എന്തുതന്നെ അവൾക്കു കാഴ്ച സമർപ്പിച്ചാലും യഥാർത്ഥത്തിൽ അവളിലും അവൾവഴിയായും ദൈവത്തിനു് അവയെ സമർപ്പിക്കുകമാത്രമാണു ചെയ്യുന്നതു്.

മറിയത്തെ നാം ഒരിക്കൽ പ്രാപിച്ചുകഴിഞ്ഞാൽ, അവൾവഴി ഈശോയേയും അവിടുന്നുവഴി ദൈവത്തേയും നാം കാണുന്നു. അപ്പോൾ സകല അനുഗ്രഹങ്ങളും—ദൈവസ്നേഹമെന്നല്ല എല്ലാ സദ്ഗുണങ്ങളും—നാം കണ്ടുകഴിഞ്ഞു. ദൈവത്തിന്റെ ശത്രുക്കളിൽനിന്നു് അഭയസ്ഥാനവും, തെറ്റിനെതിരായ എല്ലാ സഹായങ്ങളും, ആത്മരക്ഷയ്ക്കു വിഘാതമായ പ്രലോഭനങ്ങളിൽ വിജയവും, തികവുമായ ലോകജീവിതത്തിൽ മാധുര്യവും, ആനന്ദവും അതോടുകൂടെ നമുക്കു് സുനിശ്ചയമാകുകയും ചെയ്യും. (തുടരും)

പരസ്യം.

പള്ളികൾക്കാവശ്യമുള്ള ശുദ്ധമായ തേൻമെഴുകു്, മെഴുകുതിരി, പതച്ച മെഴുകു്, കതിനാ, വെടിയുപ്പു്, ഗന്ധകം മുതലായവയും ഇരുമ്പുകടസാധാരണമായ മറ്റെല്ലാ സാമാനങ്ങളും ഏറ്റവും മിതമായ വിലയ്ക്കു വിൽക്കുവാൻ തയ്യാർ.

അഡ്വാൻസു് അയച്ചുതരുന്നപക്ഷം ദൂരസ്ഥിതരായ പള്ളിക്കാർക്കു് ആവശ്യമുള്ള സാമാനങ്ങൾ ഓർഡറനുസരിച്ചു് എത്തിച്ചുകൊടുക്കുന്നതിനും തയ്യാറുണ്ടു്.

എന്നു് അതിരമ്പുഴ തെക്കേടത്തു് ദേവസ്യാ മത്തായി,
ഇരുമ്പുകട-ചന്ത ചങ്ങനാശേരി.

ബഥാന്യയിലെ ലാസർ

[ചാരുംമൂട്—പി. ജി. എം. ദാസ്]

(നതോന്നാത)

പുകൾപൊങ്ങുമെ'ന്യശലേം',—അതിനടുത്തൊരുഗ്രാമം,
വിലസുന്ന 'ബഥന്യയൊന്നതീവരമ്യം.
അവിടെ ചെറുതെങ്കിലും, മഞ്ഞ് ജൂളശ്രീകളിയാടും
ഭവനമൊന്ന;-തിൽക്കണ്ണുപതിയാമാക്കും.
മാതളത്തോപ്പിലെ തളിരിലകളിൽനിന്നുത്തംവയ്ക്കും
ശീതളപ്പൂന്തെന്നലിന്റെ വിഹാരത്തിലും,
പച്ചിലച്ചില്ലികളിലായ് പൈങ്കിളിക്കുലമുയർത്തും,
മെച്ചമായഗാനാലാപമാധുരിയിലും,
പഴുത്തുംപച്ചയുമായ കുലകളങ്ങണഞ്ഞലം-
കൃതമായ ദ്രാക്ഷാവല്ലികുടിൽകളിലും,
രമ്യമാംഹരിതവർണ്ണപരിസരങ്ങളിലും, ഹാ!
തന്നുള്ളം ലയിച്ചിടാതെ രണ്ടുതന്നാകിലും.
വേരുപൊട്ടി, കരിഞ്ചെണ്ടിയൊട്ടണിഞ്ഞു സരസ്സികൾ-
താമരപ്പൂക്കൾ രണ്ടെണ്ണംകിടക്കുംപോലെ,
കാർകുഴലഴിഞ്ഞു പിന്നിനമ്രമുഖികളായ്കാൺമൂ
ശോകപൂർണ്ണരവരെന്നുമനുമാനിക്കാം.
ഗുരു വരുന്നൊന്നൊരുക്കിയെങ്ങുനിന്നോശ്രവിച്ചതി-
ലൊരുവളങ്ങെഴുന്നേറ്റുനടക്കയായി.
ഗുരുവിൻറെസവിധത്തിലെത്തിമുഴങ്കാൽമടക്കി-
തിരുപ്പദംചുംബിച്ചേറ്റം കൃതാർത്ഥയായി.
"ഗുരുവെ!നീയിവിടെയുണ്ടായിരുന്നുവെങ്കിൽ,നിൻറെ
യരുമദാസനാം ലാസർ—എൻസഹോദരൻ
മരണമാം മറയ്ക്കുള്ളിൽ മറയ്കയില്ലായിരു"ന്നൊ-
ന്നൊരുവിധമുരച്ചവൾ ഗദ്ഗദത്തോടെ,
ഉടലണിഞ്ഞടിപാറികാൽത്തളിരിലെത്തും വെള്ള-
യുടയാടധരിച്ചൊളിപരത്തിടുന്നാൻ,
ഹാ! ജനിച്ചിട്ടുള്ളവരിലിന്നുവരെകണ്ടിടാത്ത —
ത്യാഗസന്നദ്ധതയാൽപുണ്യവിഗ്രഹം,—
പരമണ്ഡലങ്ങൾ സൃഷ്ടിച്ചുള്ള പരമാത്മാവിൻറെ

തിരുവവതാരമായ ഗുരുമഹേശൻ—
യേശുദേവനത്രെ; യെഴന്നെള്ളിനില്ല്യൂ;—വിശേഷാത്തര—
ഭാസ്സിയലുദ്ദിവ്യന്റെറയനുജ്ഞയാലെ,
തരുണിമാരിരുവരുമാശ്രയിച്ചു, സച്ചിന്മയ-
പാദനൊത്തുശ്രീമശാനത്തിൽഗമിച്ചിട്ടന്നു.
ഉദ്ദിഷ്ടസിദ്ധിക്കുവേണ്ടിതാതനെപിന്തുടരുന്ന
മുഗ്ദ്ധശീലരാകും രണ്ടുശിശുക്കൾപോലെ;
യൂദജനങ്ങളിൽനിന്നുമയന്നാരോദനമപ്പോ-
ളാദിവ്യന്റെറ ഹൃദയത്തിൽപതിക്കയാലെ,
ധ്യാനനിരതനായല്ലനാഴികയദ്ധ്യാനൻമുനി
'മീനരങ്ങുകയംപോലെ'പ്രശാന്തനായി.

ചൊല്ലി'പുത്ര'നയത്തിൽ ദൃഷ്ടികളുറപ്പിച്ചുകൊ-
"ണ്ടല്ലയെല്ലാമകറേണം പരമതാതൻ'
നിന്മഹത്വമിജ്ജനങ്ങളറിഞ്ഞു പുകഴ്ത്തീടട്ടെ,
മൺമയലോകത്തിൽ സ്വർഗ്ഗം രചിച്ചിടട്ടെ!;"
കല്യറയ്ക്കൽനിന്നുകല്ലുമാറുവാൻ," കല്പിച്ചു'രാജൻ'
കല്ലുമാറി 'ജിജ്ഞാസുക്കളടുത്തുനില്ലെങ്കിലും;
മരിച്ചിട്ടുനാലുദിനമായലാസരെ, വിളിച്ചു:—
"വരിക ലാസറെ! പുറത്തുക്ഷണത്തിൽ"

സർവചരാചരങ്ങളുമനുസരിക്കുന്നസാക്ഷാൽ-
സർവശക്തഗിരംപ്രതിധ്വനിക്കുംമുമ്പെ,
ശീലകളാൽചുറ്റിക്കെട്ടി, സ്വർഗ്ഗതേജസ്സുദ്വഹിച്ചു-
ലീലചെയ്യും മനോഹരൻ—മനുജനേകൻ,
മരണത്തിൻപിടിവിട്ട, കല്യറവിട്ടെഴുനേറ്റു
ഗുരുവിനെ ഭക്തിപൂർവ്വംനമിച്ചുനിന്നു.
കൊടിയചൊന്നായിൽനിന്നു വീണ്ടെടുത്തോരിടയൻ മു-
ന്നാടിചെന്നിയുന്ന സാധുകുഞ്ഞാടുപോലെ.

വിവിധങ്ങളും,ലോകത്തിന്റെറ നിമേഷസൗഖ്യങ്ങളവ-
ശവക്കല്ലറയ്ക്കുതുല്യമെന്നതന്നെയും,
പഞ്ചസാരപൊതിഞ്ഞുള്ളകാരസ്കരസമെന്നും,
തീററികോത്തിട്ടാകർഷകം ബളിശമെന്നും,
കഷ്ടം!—അറിയാതെപാപക്കല്ലറയിലന്നുദിനം—
മൃത്യുവിനാടിപെട്ടനോരടിയങ്ങളേ
ക്രിസ്തുവേ! നിൽകരുണാർദ്രപരമാകുമാഹ്വാനത്താൽ
നിത്യംപരിശുദ്ധരാക്കിരക്ഷനൽകണേ!

കത്തോലിക്കു പ്രവർത്തനം

(സി. വി. ചേരിക്കൽ, ആറ്റുപുറം)

ഏകദേശം ഇരുപതു നൂറ്റാണ്ടുകളായി അഭേദ്യമായ മതപഠനങ്ങളാലും അചഞ്ചലമായ വിശ്വാസദാർഢ്യത്താലും അംഗബാഹുല്യത്താലും അഖിലജനങ്ങളുടേയും അത്ഭുതത്തിനു പാത്രമായി സ്ഥിതിചെയ്യുന്ന കത്തോലിക്കാസഭ ലോകവിസ്മയങ്ങളിൽ ഒന്നുതന്നെ എന്നു പറയുന്നതിൽ അതിശയോക്തിസ്പർശം തെല്ലുപോലും ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ സഭ ലോകരുടെയെല്ലാം പരിലാളനാപാത്രമായിട്ടല്ല ഇതുപര്യന്തം വളർന്നിട്ടുള്ളതും ഇന്നു് അതിനു സംസിദ്ധമായിരിക്കുന്ന ഉന്നതസ്ഥാനത്തെത്തിയിട്ടുള്ളതും. സഭ ബാല്യാൽപ്രഭൃതി പ്രതികൂലസാഹചര്യങ്ങളോടും നാരകീയശക്തികളോടും ധീരധീരം പോരാടേണ്ടിയിരുന്നു. യഹൂദപ്രമാണികൾ സഭാമാതാവിനെ അവളുടെ ശിശുപ്രായത്തിൽതന്നെ നിഹനിക്കുന്നതിനു് ശ്രമിച്ചപ്പോഴും, നീരോ, ഡയോക്ലിയസ്സ് ആദിയായ റോമൻസാമ്രാട്ടുകൾ അവളെ നിർദ്ദയമായി മർദ്ദിച്ചപ്പോഴും, അൽബിജെൽസ്യൻ അബദ്ധോപദേശങ്ങൾ അവളുടെ അരുമസന്താനങ്ങളെ ആപൽപഥത്തിൽക്കൂടി നയിച്ചപ്പോഴും, 16-ാംനൂറ്റാണ്ടിലെ മതപരിവർത്തനമഹാമാരി സഭാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കിയപ്പോഴും, എന്നുവേണ്ടാ ജനനംമുതൽ ഇതുപര്യന്തം സഭയുടെ ദിവ്യമണവാളൻ അവളെ കൈവെടിഞ്ഞിട്ടില്ല. പ്രത്യുത അവളുടെ വീരസന്താനങ്ങളുടെ വിശ്വാസദാർഢ്യത്തേയും ത്യാഗസന്നദ്ധതയേയും ലോകസമക്ഷം പ്രദർശിപ്പിക്കുന്നതിനു് സന്ദർഭമുണ്ടാക്കിക്കൊടുക്കുക മാത്രമാണു ചെയ്തിട്ടുള്ളതു്.

ശത്രുക്കൾ സഭയെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഏതുകാലത്തും അവക്കെതിരായുള്ള പ്രവർത്തനങ്ങൾ സഭയിലുണ്ടായിരുന്നു. കല്ലുകളാൽ എറിയപ്പെട്ടു് വി. എസ്തപ്പാനോസു് ഹതനായതുമുതൽ ഇന്നുവരെ എത്ര എത്ര ത്യാഗവീരന്മാരായ പുണ്യാത്മാക്കളാണു സഭയുടെ ആദർശസംരക്ഷണത്തിനുവേണ്ടി സ്വജീവനെ ബലി കഴിച്ചിട്ടുള്ളതു്. വീരോചിതമായ മരണംകൊണ്ടു മാത്രമല്ലാ സ്രഷ്ടാവിന്റെ മഹത്വത്തിനും സമസ്രഷ്ടങ്ങളുടെ ഉന്നമനത്തിനും ആയിക്കൊണ്ടുള്ള ജീവിതത്താലും എത്രയോ വിശുദ്ധന്മാരാണു് കത്തോലിക്കു് ആദർശങ്ങളെ പ്രകാശിപ്പിച്ചിട്ടുള്ളതു്. റവ. ഫാദർ ഡാമിയൻ ഭാസുരമായ ഭാവിയേയും മാധുര്യമേറിയ മാതൃസാമീപ്യത്തേയും ത്യജിച്ചു് മോളോക്കോ ദ്വീപിൽപ്പോയി

കുഷ്ഠരോഗികളെ ശുശ്രൂഷിച്ചും അവരുടെ ആത്മീയാവശ്യങ്ങളും സാധിച്ചും വസിച്ചുകൊണ്ട് അവസാനം ഒരു കുഷ്ഠരോഗിയായിത്തന്നെ ആ രോഗികളുടെ മദ്ധ്യേ മരണം പ്രാപിച്ചില്ലയോ. ഇവരെ ഈട്ടശമായ മഹൽകൃത്യങ്ങൾക്ക് പ്രേരിപ്പിച്ചിട്ടുള്ള ഒരു മഹാപുണ്യം ഏതോ അതുതന്നെയാണ് കത്തോലിക്ക് അരുപി. അവരുടെ പ്രവത്തനങ്ങളോ? അവയാണ് കത്തോലിക്കപ്രവത്തനങ്ങളുടെ മകുടോദാഹരണങ്ങൾ. എന്നാൽ പുണ്യാത്മാക്കൾക്കു ലഭ്യമായ ഈ പ്രേരണാശക്തി അഥവാ കത്തോലിക്ക അരുപി നാം പ്രായോഗികജീവിതത്തിൽ പ്രതിഫലിപ്പിക്കേണ്ടതു് എങ്ങനെയെന്ന് പലർക്കും സംശയം തോന്നിയേക്കാം. ഇതു ക്ഷിപ്രസാധ്യമാണ്.

ഒരുവൻ തന്നോടും സമസ്തഷ്ടങ്ങളോടും സർവോപരി ദൈവത്തോടുമുള്ള കടമകളെ ശരിയായവിധത്തിൽ നിറവേറുക എന്നുള്ളതാണ് ഇതിനു സാമാന്യമായ ഒരു മാർഗ്ഗം. ദൈവപ്രമാണങ്ങളെ ലംഘിക്കാതെയും, ക്രൂദാശകളെ ക്രമാനുസരണം സ്വീകരിച്ചും ഉള്ള ജീവിതമല്ലയോ മേല്പറഞ്ഞതിൽ അന്തർലീനമായിരിക്കുന്നതു് എന്നു പലരും ജല്പിക്കയും അഭിമാനിക്കയും ചെയ്യും. എന്നാൽ ഇതു ശരിയായ കത്തോലിക്കപ്രവത്തനത്തിന്റെ നിഴൽപോലുമാകുന്നില്ല.

കത്തോലിക്കപ്രവത്തനം രാഷ്ട്രീയമായൊരു പ്രവത്തനമല്ലെന്നും തദ്വാരാ കത്തോലിക്കു പ്രവത്തനസംഘങ്ങൾ രാഷ്ട്രീയപ്രവത്തനസംഘങ്ങളല്ലെന്നും ഉള്ള സംഗതി പരമാത്മസത്യമാണ്. സകലരാഷ്ട്രീയപ്രവത്തനങ്ങൾക്കും കത്തോലിക്കപ്രവത്തനം വ്യത്യസ്തവും അതീതവുമാണ്. ആത്മാവും ശരീരവും വ്യത്യസ്തങ്ങളായിരിക്കുന്നതുപോലെ തന്നെ ഇവരണ്ടും വ്യത്യസ്തങ്ങളാണ്. ആത്മാവു് ശരീരത്തെക്കാൾ ശ്രേഷ്ഠമാണെന്നു സമ്മതിക്കുന്നെങ്കിൽ കത്തോലിക്കു് സഭയും ഏതൽപ്രവത്തനങ്ങളും രാഷ്ട്രത്തേയും രാഷ്ട്രീയപ്രവത്തനങ്ങളേയുംകാൾ ശ്രേഷ്ഠമാണെന്നു് സമ്മതിക്കാതെഗത്യന്തരമില്ല. രാഷ്ട്രീയപ്രവത്തനങ്ങൾ മനുഷ്യന്റെ ഐതികമാത്രമായ ഉദ്ദേശത്തോടും മനുഷ്യന്റെശരീരികവും ബാഹ്യവുമായ അഭിവൃദ്ധിയെമാത്രം ലക്ഷ്യമാക്കിയും ഉള്ളതാണ്. എന്നാൽകത്തോലിക്കു് പ്രവത്തനമാകട്ടെ പാരത്രികസാമ്രാജ്യസ്ഥാപനത്തേയും അനശ്വരമായ മനുഷ്യാത്മാവിന്റെ നിത്യസൗഭാഗ്യത്തേയും ലാക്കാക്കിയുള്ളവയാണ്. ദിവംഗതനായ പതിനൊന്നാം പീയൂസ്മാർപ്പാപ്പാ തിരുമനസ്സിലെ സംക്ഷിപ്തവാക്കുകളിൽ പറഞ്ഞാൽ വൈദികാധികാരികളുടെ പ്രേഷിതവൃത്തിയിൽ അത്മായരുടെ സുസംഘടിതമായ സഹകരണമത്രേ കത്തോലിക്കു് പ്രവത്തനം.

ഇതിൽ നിന്നു വ്യക്തമാകുന്നതു് കത്തോലിക്കപ്രവർത്തനം കേവലം വ്യക്തിപരമോ സ്വതന്ത്രമോ ആയ ഒരു പ്രവർത്തനമല്ല, പ്രത്യുത, ഒരു സംഘടിത പ്രവർത്തനമെന്നാണു്. ഇങ്ങനെ വ്യവസ്ഥാപിതവും സുസംഘടിതവുമായ ഒരു പ്രവർത്തനത്തെയാണു് കത്തോലിക്കാപ്രവർത്തനംഎന്നു് വിവക്ഷിച്ചിട്ടുള്ളതു്.

കത്തോലിക്കാപ്രവർത്തനത്തിൽ നമ്മെ അഭിമുഖീകരിക്കുന്നതു് പ്രധാനമായി രണ്ടുഘട്ടങ്ങളാണു്. അതിൽ പ്രഥമവും പ്രധാനവുമായതു നാം കത്തോലിക്കു് ആദർശങ്ങളെ ശരിയായി ഗ്രഹിക്കുകയെന്നുള്ളതാണു്. ഒരു ഉത്തമകത്തോലിക്കൻഎന്ന നിലയിൽ നമുക്കു് ദൈവത്തോടും സമുദായത്തോടും രാഷ്ട്രത്തോടുമുള്ള കടമകളെ എന്തെല്ലാമെന്നു മനസ്സിലാക്കണം. ഒരു വൃക്ഷത്തിൽകയറാൻ ഭാവിക്കുന്നവൻ ആ വൃക്ഷത്തിന്റെ ബലം മനസ്സിലാക്കേണ്ടതു് അവന്റെ ജീവരക്ഷക്കു് അനപേക്ഷണീയമാകുന്നതുപോലെ സഭയെ ആദരിക്കുന്നവൻ അവന്റെ ആത്മരക്ഷക്കെങ്കിലും അതിന്റെ തത്വങ്ങളെ മനസ്സിലാക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. കത്തോലിക്കു് ആദർശങ്ങളെ മറവുള്ളവയെ അപേക്ഷിച്ചു് ഉൽകൃഷ്ടങ്ങളും സായൂജ്യലബ്ധിക്കു് പര്യാപ്തങ്ങളും ആണെന്നു് ഇതരമതസ്ഥർപോലും സമ്മതിക്കുന്നു. പക്ഷെ നമ്മിൽ ക്രൈസ്തവതത്വം കണികാണ്മാൻപോലുമില്ലാ എന്നും അവർതന്നെ പറയുന്നു. ഈ കായ്മംഅല്പനാൾപുല്ലു പരമാർത്ഥവുമല്ലയൊ. അമിതമായി മദ്യപാനം ചെയ്യരുതു് എന്നു് സഭോപദേശിക്കുന്നു. എന്നാൽ അമിതമായി മദ്യപിക്കുന്നതും തന്മൂലം നിരവധി അനാശാസ്യസംഭവങ്ങൾക്കിടവരുത്തുന്നതും കത്തോലിക്കരല്ലാതെ മറാരാണു്. ഒരു തരത്തിൽ പറഞ്ഞാൽ നമ്മുടെ രാജ്യത്തിൽ ക്രിമിനൽശിക്ഷ അനുഭവിക്കുന്നവരിൽ ഭൂരിഭാഗവും കത്തോലിക്കർതന്നെയാണു്. ഇവയെല്ലാം നിദാനമായിട്ടുള്ളതു് സാക്ഷാത്തായ ക്രിസ്തീയതത്വത്തിന്റെ അഭാവമല്ലാതെ മറെറന്താണു്?

റഷ്യയിൽ ലെനിൻ സ്ഥാപിച്ച നിരീശ്വരപ്രസ്ഥാനം പലതരത്തിലുള്ള "ഇസ്സു"കളെ ലോകത്തിനു പ്രദാനംചെയ്തു. ഈ നശീകരയന്ത്രത്തിന്റെ വിഭ്രമണത്തിൽ യൂറോപ്പു മുഴുവൻതന്നെ അകപ്പെട്ടുഎന്നുപറയാം. ഇതാ ആ വകപ്രസ്ഥാനങ്ങളുടെ നിഴൽ ഇൻഡ്യയിലേയ്ക്കും നീണ്ടുതുടങ്ങിയിരിക്കുന്നു. തത്ഫലമായിട്ടു് നമ്മുടെ വിശ്വാസത്തിനു് ഒരു മാന്ദ്യം നേരിട്ടുതുടങ്ങിയിട്ടുണ്ടു്. ഇപ്രകാരം കത്തോലിക്കസഭയുടെ മൗലികതത്വങ്ങളെ അതു—സമുദായത്തിന്റെ അസ്ഥിവാരത്തെ അടിച്ചു തകർക്കുന്നതിനായി ഇറങ്ങിപുറപ്പെട്ടിട്ടുള്ള ഈദൃശ നാരകീയ പ്രസ്ഥാനങ്ങളിൽനിന്നു് രക്ഷപെടുകയും വലയിൽ അകപ്പെട്ടവരെ

വിമുക്തരാക്കുകയും നമ്മുടെ ആദർശങ്ങളെ ഉപയുക്തരീതിയിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്നതിനു നാം സന്നദ്ധരാവണം.

കത്തോലിക്കനെന്ന നിലയിൽ ഈ വിഷയത്തിൽ നമുക്ക് അതിപ്രധാനമായ ഒരു കടമയുണ്ട്. കുടുംബജീവിതത്തിന്റെ പരിശുദ്ധി, സൗന്ദര്യം ഇവയെ പരിരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കത്തോലിക്കാമതം നൽകുന്ന പാഠം ഏറ്റവും മഹത്തരമാണ്. ഈ വിഷയങ്ങളെ സംബന്ധിച്ച് ഇത്രത്തോളം ശക്തിയുക്തവും ഉൽകൃഷ്ടവുമായ ഉപദേശങ്ങളാർജ്ജിക്കുടിയ മറ്റൊരു മതവും ഭൂമുഖത്തില്ല. കത്തോലിക്കാജീവനം സുകൃതസമാധാനസൗഭാഗ്യസുഭഗലസമസൗരഭ്യത്താൽ പരിപൂതമായും അവയുടെ സൗകുമാര്യധോരണിയാൽ പരിശോഭിതമായും ഉത്തമവും ഉത്തേജജനകവുമായ ആദർശങ്ങൾക്ക് നിദാനമായും ഇരിക്കണം. ക്രിസ്തീയപുണ്യങ്ങളുടെ അഭ്യസനക്കളരിയായി അത് പരിലസിക്കണം.

കത്തോലിക്കാപ്രവർത്തനത്തിൽ ദ്വിതീയമായി നമ്മെ അഭിമുഖീകരിക്കുന്നത് നമ്മുടെ സദാചാരപരവും നീതിപരവും ആദർശപരവും സദാപി ആകർഷകവുമായ പ്രവൃത്തികൾകൊണ്ട് ഇതരമതസ്ഥരെ ആകർഷിക്കുക എന്നുള്ളതാണ്. മധുപങ്ങളെ ആകർഷിക്കണമെങ്കിൽ പുഷ്പങ്ങൾ മധുവിനെ വഹിച്ചിരിക്കണം. അതുപോലെ ഇതരമതസ്ഥരെ ആകർഷിക്കുന്നതിന് നമ്മിൽ ഉണ്ടായിരിക്കേണ്ടത് മധുഞ്ജാനപ്രകാശവും സന്മാർഗ്ഗജീവിതവുമാണ്. ആദർശപരമായ പ്രവൃത്തി അപരന്റെ ഹൃദയത്തിൽ സത്യജ്ഞാനം ഉളവാക്കുകയും ക്രമശഃ അതുവളർന്ന് പരിപുഷ്ടമാകയും ചെയ്യും, ഇപ്രകാരം സഭയെ ആദരിക്കുന്ന ഒരുവൻ സുദൃഢ ബോധത്തോടുകൂടിയാണ് പ്രത്യാഗമിക്കുന്നത്. തദ്വാരാ അവൻ എന്നും സുസ്ഥിരനായി സ്ഥിതിചെയ്യുകതന്നെചെയ്യും. ആകർഷണീയങ്ങളായ പലപ്രസ്ഥാനങ്ങളും നടപ്പിൽവരുത്തുന്നതും ഏതദ്വിഷയത്തിൽ സമുചിതമായിരിക്കും. ഈ അവസരത്തിൽ ഹൃദയാവർജ്ജകങ്ങളായ പ്രസ്ഥാനങ്ങളെ ആരാഞ്ഞറിയുന്നതിനും അവയഥാകാലം പ്രയോഗികമാക്കികായ്സിദ്ധിവരുത്തുന്നതിനും നാം സദാജാഗരൂകരായിരിക്കണം.

കത്തോലിക്കേതരപ്രസ്ഥാനങ്ങൾ പ്രചരണവേലകൾനടത്തുന്നത് പത്രപ്രവർത്തനം, സംഗീതസാഹിത്യാദിസംരംഭങ്ങൾ, നാടകങ്ങൾ, പ്രസംഗവേദികൾ നവീനങ്ങളും ആകർഷകങ്ങളുമായ പരിഷ്കൃതോപകരണങ്ങൾ, ഈമാർഗ്ഗങ്ങളിലൂടെയാണ്. ഇവയെഓരോന്നിനേയും കത്തോലിക്കരായ നാം എതിർക്കേണ്ടതുണ്ട് അതേതരത്തിലുള്ള പ്രതിപ്രവ

ത്തനങ്ങൾമൂലമാണ്. ഈടയകരപ്രവർത്തനങ്ങളിൽനിന്ന് നമ്മെയും രാഷ്ട്രത്തെയും രക്ഷിവാൻ യഥാർത്ഥമായ ക്രൈസ്തവസാമൂഹ്യസംഘടനയെ മുറുകെപിടിക്കണമെന്നും ക്രിസ്തുവിന്റെ ആദർശത്തെ പ്രവൃത്തിയിൽവരുത്തുന്ന ക്രൈസ്തവസ്ഥാപനങ്ങൾ പുലർത്തണമെന്നും ആണ് ഫാദർകാർട്ടി എസ്. ജെ. അവർകൾ കഴിഞ്ഞഒരു അഖിലഭാരത കത്തോലിക്കു കോൺഗ്രസ്സിൽ അഭിപ്രായപ്പെട്ടതു്.

കത്തോലിക്കേതരപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിൽ മുഖ്യമായിട്ടുള്ളതു് നാടകങ്ങളും ചലനചിത്രാഭിനയങ്ങളുമാണ്. ഐറോപ്യൻരാജ്യങ്ങളിൽ ശൃംഗാരപരമായ നാടകങ്ങളും സിനിമാകളും മനുഷ്യരുടെ സന്മാർഗ്ഗബോധത്തെ ക്ഷയോന്മുഖമാക്കിചെയ്യുന്ന വസ്തുത സഭാധികാരികൾ മനസ്സിലാക്കി അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ആരായുകയുണ്ടായി. അതിന്റെ പ്രതിപ്രവർത്തനം ആദ്യമായി പ്രത്യക്ഷപ്പെട്ടതു് വടക്കേ അമേരിക്കയിലാണ്. ക്രിസ്തുവിന്റെ ആദർശങ്ങളെ മുൻനിർത്തി വിരചിതങ്ങളായ നാടകങ്ങൾ, പ്രസംഗവേദികൾ മുതലായവ പ്രായോഗികമാക്കുന്നതു് കാലോചിതമായ പ്രവർത്തനങ്ങളാണ്. അതു് അനാവശ്യമായ ആഡംബരമോ തൊഴിലില്ലാത്ത യുവാക്കന്മാരുടെ വിനോദപ്രകടനമോ എന്ന് വിധിക്കുന്നതു കേവലം മൗഢ്യമാണ്.

അനാഥമന്ദിരങ്ങൾ, ആശുപത്രികൾ, ഗ്രന്ഥശാലകൾ, ഗ്രാമോദ്ധാരണസ്ഥാപനങ്ങൾ മുതലായവയും അവശ്യങ്ങളായ സംഘടനയോടുകൂടി യഥാസ്ഥാനങ്ങളിൽ നടപ്പിൽ വരുത്തുന്നതും കത്തോലിക്കപ്രവർത്തനം പരിപുഷ്ടമാക്കുന്നതിനു് സുഗമമായ മാർഗ്ഗങ്ങളാണ്.

ആത്മാക്കളുടെ രക്ഷണീയവേലയിൽ നാമെല്ലാവരും അപ്പസ്തോലന്മാരായിരിക്കുവാൻ ആവശ്യമായിരിക്കുന്നു. നാം വൈദികാധികാരികളോട് പൂർണ്ണമായി യോജിച്ച് അവരുടെ ആജ്ഞാനുവർത്തികളായി; ശരിയായ നിസ്വാർത്ഥത, ത്യാഗം, പ്രാർത്ഥന, ഇവയോടുകൂടി ഈ പരിശുദ്ധമായ യുദ്ധത്തിൽ — അതേ — വിശ്വാസത്തിന്റെ അഭ്യുന്നതിക്കും ക്രൈസ്തവാചാരങ്ങളുടെ പുനഃസ്ഥാപനത്തിനുമായുള്ള ഈ സമരത്തിൽ-ഭാഗഭാക്കുകളാവാൻ കഴിയുന്നതു പരിശ്രമിക്കുക. വേണ്ടിവന്നാൽ "അദ്ദേഹത്തിന്റെ കൂടെ നമുക്കും പോയി മരിക്കാം" എന്ന് ധൈര്യസമേതം പറഞ്ഞ വി. തോമ്മാശ്ലീഹായുടെ വീരസന്താനങ്ങളായ നാം കത്തോലിക്കപ്രവർത്തനരംഗത്തിലേക്ക് താല്പര്യമനസ്കരായി പുറപ്പെടുക.

ഇൻഡ്യയുടെ നന്ദനോദ്യാനമെന്ന് സർവ്വാലും പ്രശംസിക്കപ്പെടുന്ന നമ്മുടെ കേരളത്തിലാണ് ക്രിസ്ത്യാനികളാകുന്ന പനിനീർസുമങ്ങൾ ഭാരത്തിന്റെ മറേറതു ഭാഗത്തേക്കാൾ അധികമുള്ളതു്. അതി

റാന്നിമിഷ്യൻദേവാലയഫണ്ട്.

OH! GOD, BLESS OUR BENEFACTORS AND FRIENDS.

	ഉ.	ച.	കാ
മുൻപിരിവു്	1488	20	12
ശ്രീമാൻ ഇട്ടിയവിരാജോസഫ്, കള്ളുവയലിലായ ആനവളരിൽ, വിളക്കുമാടം.	50	0	0
വെരി. റവ. ഫാദർ തോമ്മസ് മൂരിക്കൽ	10	0	0
റവ. ഫാദർ ജോർജ്ജു് ആലഞ്ചേരി	10	0	0
" തോമ്മസ് ചാലങ്ങാടി	5	0	0
" സിറിയക്കു് പര്യാത്തുമറ്റം	5	0	0
" സക്കറിയാസ് വേലക്കളം	3	0	0
ശ്രീമതി വക്കിറോസു—മാവേലിക്കത്തിൽ ചങ്ങനാശേരി	1	0	0
ശ്രീമാൻ ജോൺതോമ്മസു് - കുന്നംപുറം ചിറക്കടവു്	1	0	9
ആകെ	1573	20	12

നാൽ ക്രിസ്ത്യാദർശനുമങ്ങളുടെ പരിമളധോരണി ഇവിടെ നിന്നുമാണു് ഭാരതത്തിലെങ്ങും വ്യാപിക്കേണ്ടതു്. അതിനായി നമുക്കു് സർവാത്മനാ പ്രയത്നിക്കാം. "ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവർത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു" എന്ന വി. യാക്കോബിന്റെ വാക്കുകളുംതന്നെ നമുക്കു് മുദ്രാവാക്യമായി പരിലസിക്കട്ടെ.

ആർശസ്സുസംബന്ധമായ അങ്കുരങ്ങളും (മുളകും) യാതൊരു വേദനയും കൂടാതെ രണ്ടാഴ്ചയ്ക്കകം ചികിത്സിച്ചു സുഖമാക്കിക്കൊടുക്കാം. കൂടുതൽ വിവരത്തിനു് എഴുതുക.

ജോസഫ് പള്ളിപ്രത്തുശേരി, വടക്കൻവെളിയനാടു്.

A. O. വെളിയനാടു്. P. O. പുളിങ്കുന്നു്.

തിരുവിതാംകൂർ.

കമ്മ്യൂണിസം (പ്രഹസനം)

(തുടർച്ച)

(മിസ്സ്. മറിയാമ്മകുഞ്ഞൻ, തുമ്പേക്കളത്തിൽ)

സീൻ 4.

[കമ്മ്യൂണിസം-ഇസ്ലാമിക-സീയോൻ-ഭാരതാംബ ഇവർ മുൻപോലെ പാടിക്കൊണ്ടു പ്രവേശിക്കുന്നു.]

എല്ലാവരും—നശിക്കട്ടെ പ്രഭുക്കന്മാർ നശിക്കട്ടെ രാജിതവും
നശിക്കട്ടെ ഭക്തിമുക്തി സർവ്വശക്തിയും.

കപിലാദേവി (പ്രവേശിച്ചു്)

ആരുനിങ്ങളീവിധത്തിൽ കുസ്തിതമാം വചസ്സുകൾ
പാരിടത്തിലുയർത്തുന്നു ഭ്രാന്തബുദ്ധികൾ
മുക്തി മർത്ത്യസന്തതിക്കു ലഭിക്കുവാൻ സർവ്വഭോഗാ-
സക്തി സന്ത്യജിച്ച ബുദ്ധധർമ്മപതിഞാൻ
വസിപ്പോരീധരയിലോ നീതിബോധം വെടിഞ്ഞിന്നു
ലസിക്കുവാൻ പൂരപ്പെട്ട ധൂർത്തകാംനിങ്ങൾ.

ഭാരതാംബ-ഹേ കപിലാദേവി! താങ്കളുടെ കണ്ണുകളിൽ ഈ ചൈനാക്കാരുടെ രക്തധാരകൾ ഉറഞ്ഞതിനാൽ അവ നിർജ്ജീവങ്ങളായിരിക്കുന്നുവോ?

കപില-അല്ല ദേവീ! സനാതനാംബികേ! എന്റെ ജന്മകാരിണിയായ അങ്ങല്ലാ ഈ കഠിനവചസ്സുകൾ ഘോഷിക്കുന്നതു്. ശാന്തം-പാപം! ബുദ്ധം ശരണം, ഗച്ഛാമി.

കമ്മ്യൂണിസം—ഹേ പച്ചപ്പാവമെ! താങ്കൾ 'മൗഢ്യം ശരണം ഗച്ഛാമി' എന്നുകൂടി നിലവിളിക്കൂ.

കപില-എടീ എന്റെ പ്രാണനാഥനെ അവഹേളിക്കുന്ന കുലടയായ നീയാര്? ഈശ്വരനിന്ദനം പാപമാണെന്ന് ഓർമ്മിച്ചുകൊള്ളണം.

കമ്മ്യൂണിസം—പക്ഷെ നിന്റെ ഈശ്വരന്റെ മൊട്ടത്തല ഈ ചൈനാജപ്പാൻ കുട്ടിമുട്ടലിൽ പൊട്ടിത്തെറിച്ചുപോയെന്നു കേട്ടില്ലോ? ഇനിയും പുത്രന്മാരുടെ രക്തപുഴയല്ലാതെ മറ്റൊന്നും ശേഷിച്ചിട്ടില്ലാത്ത ഇക്കാലത്തു് നിന്നോടു ഞാനെന്താണാ പറയേണ്ടതു്?

കപില—എന്തെടീ ചൈനായുദ്ധത്തിൽ ഈശ്വരൻ തെറിച്ചെന്നോ. അഹിംസ എന്റെ മൂഢവാക്യമെങ്കിലും ഇനിയും ഇത്തരം ധിക്കാരം പറഞ്ഞാൽ ഞാൻ ക്ഷമിക്കുകയില്ല. ഹേ! ബുദ്ധദേവനു പിറപ്പു

രുളിയ ഭാരതാംബികേ! അങ്ങും ഇതു സഹിക്കുന്നുവോ. ഈ പാശ്ചാത്യ ധൂർത്തകളുടെ ക്രൂരത്തിൽ അങ്ങേക്കു കായ്മെന്തു?

ഇസ്ലാമിക—ദയാഹോദരി കപിലേ! താങ്കൾ വിചാരിക്കുന്ന ഈ ശ്വരൻ ഒരു ലോകത്തിലും ഇല്ലെന്നാണു് ഈ പ്രതാപവതിയായ യുവ റാണി പറയുന്നതു്. അവൾ പറയുന്നതാണു പരമാർത്ഥമെന്നു് എനിയ്ക്കും തോന്നുന്നു.

സീയോൻ—എന്റെ കപിലേ! ഞാനും നിന്നെപ്പോലെ ഇവളോടു് ആദ്യം എതിർത്തതാണു്. പക്ഷെ കായ്മാരുപറഞ്ഞാലും വകവച്ചുകൊടുക്കേണ്ടേ.

കപില—എന്താണു് ഇവളുടെ കായ്മം. ഇശ്വരനില്ലെങ്കിൽ പിന്നെ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതു് ഇവളാണോ?

കമൃണിസം—ഇതു് ആരും സൃഷ്ടിക്കേണ്ട. പ്രപഞ്ചശക്തികളുടെ സമ്മേളനത്താൽ ഇതെല്ലാം ഭാവാവസ്ഥയിൽ ആയിക്കൊള്ളും. ഈശ്വരന്റെ ഇഷ്ടംപോലെ സൃഷ്ടിക്കാമെങ്കിൽ കടലിലെ ജീവജാലങ്ങൾക്കു് അന്തരീക്ഷത്തിലും അന്തരീക്ഷത്തിലേതിനു് ഭൂമിയിലും കരയ്ക്കുള്ളതിനു് വെള്ളത്തിലും ജീവിച്ചുകൂടെ. ഇല്ല; അതാതു പ്രകൃതിശക്തികളിൽ ഉണ്ടാകാവുന്നതുമാത്രം ഉണ്ടാകുകയും നശിക്കേണ്ടതു നശിക്കുകയും ചെയ്യുന്നു. ഈശ്വരനും അങ്ങേരുടെ സ്വർഗ്ഗവും വെറും സ്വപ്നങ്ങൾ; ദുഷ്പ്രേരണത്തിന്റെ തണലുകൾ, പാവങ്ങളുടെ നട്ടെല്ലു് വളച്ചു് കരുത്തു് ഉദരപൂരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ.

കപില—ദുഷ്പ്രേരണമോ, ബുദ്ധദേവന്റെ സന്തതികളിൽ സമഭാവനയല്ലാതെ പ്രേരണമില്ല. അവിടുന്നു സകല സൃഷ്ടികളിലും സമത്വം ദർശിക്കുന്നു.

ഇസ്ലാമി—പിന്നെ എന്തോ ഇപ്പോൾ നിന്റെ മക്കളായ ജപ്പാൻകാർ ചൈനാക്കാരുടെ കഴുത്തു ഞെരിക്കുന്നതു്. അഖിലരാജ്യവും അസമത്വങ്ങളിൽ ആണ്ടിരിക്കുന്നതു്? ഇതെല്ലാം വെറും സ്വപ്നം. ഇവൾ—ഈ റഷ്യൻസുന്ദരി പറയുന്നതു് സത്യമാണു്, ഇവൾ സമത്വത്തിനും സാഹോദര്യത്തിനും സ്വാതന്ത്ര്യത്തിനുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നു. നമുക്കവളെ അഭിവാദ്യം ചെയ്യാം. അവൾ നിന്റെ അടിമത്വം മാറും.

കപില—പക്ഷെ, നിങ്ങളെ ഇതു പറയുന്നുള്ളൂവല്ലൊ. ഇന്നു് അഖിലരാജ്യങ്ങളിലെയും ആജ്ഞാകാരിയായി വർത്തിക്കുന്ന ആ ക്രിസ്തീയ റാണി എന്നെപ്പോലെയല്ല. അതിലും സുശക്തമായ രീതിയിൽ സമത്വസാഹോദര്യസ്വാതന്ത്ര്യങ്ങളെ ലോകത്തിനു പ്രദാനം ചെയ്യുന്ന ആ മഹതി തീർച്ചയായും നിങ്ങളെ ശിക്ഷിക്കാതെ വിടുകയില്ല.

കമ്മ്യൂ—ഹോ! ഇതാണൊ നിന്റെ വിജയം. ഭോഷീ! നീ കേമത്വം കല്പിച്ച ആ ശ്രീമതിയുടെ നന്ദനന്മാർഇന്ന് ലക്ഷക്കണക്കിന് എന്റെ ആജ്ഞാകാരന്മാരാണ്. ഇതാ ഇവളെ നോക്കുക (ല്യൂഥറൻ റാണിയെ പിടിച്ചു മാറിനിത്തുന്നു)

കപില—ഇവൾ ആര്-ല്യൂഥറൻറാണിയോ? നിന്റെ വേഷം ക്രൈസ്തവമെങ്കിലും നീ ആ മഹാറാണിയുടെ ശത്രുവാണെന്നുള്ള പരമാർത്ഥം ഞാൻ അറിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് എന്നെ കബളിപ്പിക്കാമെന്നു വിചാരിക്കേണ്ട. ഇതാ ഇവിടെ എനിക്കു പരിചയമുള്ള ഒരു ക്രിസ്ത്യാനിമാരൻ ഉണ്ട്. അവനെ നിനക്കൊന്നു വശപ്പെടുത്തുവാൻ കഴിയുമോ?

കമ്മ്യൂണിസം—നീയൊരു വല്ലാത്ത ദുശ്ശാഠ്യക്കാരിതന്നെ. ആ ക്രിസ്തീയാധമനെ സമ്മതിപ്പിച്ചാലേ നിനക്കു സമ്മതിയ്ക്കാൻ കഴിയുകയുള്ളെന്നോ? നിങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടെന്തെന്നു മനസ്സിലായില്ല.

കപില—കൂട്ടുകെട്ടെന്നോ! അസംബന്ധം പുലമ്പാതിരിക്കൂ. നീ ഇല്ലെന്നു വാദിക്കുന്ന ഈശ്വരനെപ്പറ്റി നിന്നെയും എന്നെയും ഈ ഓരോരുത്തരേയുംകാൾ എത്ര യുക്തിയുക്തമായിട്ടാണ് അദ്ദേഹം സംസാരിക്കാറുള്ളത്. അതുകൊണ്ട് നിന്റെ അഭിപ്രായദാർഢ്യം ഒന്നു കാണണമെന്നു വെച്ചാണ്.

കമ്മ്യൂ-കൊള്ളാം. അവൻ അവളുടെ, ആ റോമാമൂധേവിയുടെ 'ഒരു പുരോഹിതദുഷ്പ്രഭവായിരിക്കണം. അവനെപ്പോലുള്ളവരോടു വാദത്തിനു പുറപ്പെടുന്നതിനെക്കാൾ തല തകർക്കുന്നതിനൊരുമ്പെടുകയാണ് നമ്മുടെ പരിപാടി. എന്നാലും നിന്നോടുള്ള സ്നേഹത്തിനുവേണ്ടി മാത്രം നിന്റെ അഭിപ്രായം ആദരിക്കുന്നു. അവനെ വിളിക്കുകതന്നെ. (തുടരും)

വിദ്യാർത്ഥികളും സ്വഭാവഗുണവും

(നെടുങ്ങാട്ടു സി. ജോസഫ്)

പ്രസിദ്ധാംഗ്ലീഷ് കവിയായജോൺസൺ തന്റെ പുസ്തകങ്ങളെല്ലാം എഴുതിയപാടെ ഒരിക്കൽക്കൂടിവായിച്ചുനോക്കുകപോലുംചെയ്യാതെ അച്ചടിശാലയിലേക്ക് അയച്ചുകൊടുക്കുകയായിരുന്നുപതിവ്. ഇതുഅദ്ദേഹത്തിന്റെ സ്വഭാവദാർഢ്യത്തെ ഉദാഹരിക്കുന്നു. വളരെആലോചിച്ചുംസാവധാനത്തിലും മാത്രമേ അദ്ദേഹംഎഴുത്ത് എഴുതാറുണ്ടായിരുന്നുള്ളൂ. കാര്യങ്ങളെല്ലാംക്ഷണത്തിൽ ചെയ്തീർക്കണമെന്നാണ് പലരു

ടെയും ആഗ്രഹം. താമസംഇക്കൂട്ടുക്കു മഹാഭൂരിപക്ഷമാണ്. എത്രവേഗത്തിൽഇന്നകാര്യംചെയ്തീർത്തു എന്നല്ലാതെ എത്രഭംഗിയായിചെയ്തുതീർത്തു എന്നുമിക്കവിദ്യാർത്ഥികളും പറയാറില്ല. ഈസ്വഭാവംപ്രായേണ അപൽക്കരമാകുന്നു. ഏതെങ്കിലും ഒരുപ്രവൃത്തിചെയ്യുവാൻ ആരംഭിച്ചാൽ അതുഭംഗിയായിനിവർത്തിക്കയാണ് വേണ്ടതു്. നമ്മുടെപ്രവൃത്തികൾനല്ലവണ്ണംചെയ്യുന്നതിനു ബാല്യത്തിലേ പരിശീലിക്കണം. വേഗതചിരപരിചയത്താൽ താനെ ഉണ്ടായിക്കൊള്ളും. ഇപ്രകാരമല്ലാതെപരിചയിച്ചുപോയിട്ടുള്ള എത്രയോ വിദ്യാർത്ഥികളും ചീത്ത എഴുത്തുകാരും മോശമായവായനക്കാരുമായിത്തീർന്നിരിക്കുന്നു. യൂറിപ്പെഡിസിന്റെ സമാനകാലീനന്മാരിൽ ഒരുകവി മുന്നൂറുവരിരചിക്കുമ്പോൾ യൂറിപ്പെഡിസുമൂന്നുവരി രചിക്കുകയായിരുന്നുപതിവു്. ഇവർതമ്മിലുള്ള വ്യത്യാസമാണിനാം പര്യാലോചിക്കേണ്ടതു്. വിശ്രുതനായ യൂറിപ്പെഡിസിന്റെ കൃതികളും അനശ്വരമായ യശസ്സിനു പാത്രീഭൂതമായി. മറെറ ആളുടെകൃതികളും അപ്രായസ്സകളായി വിസ്മരിക്കപ്പെടുകയുണ്ടായി. അതുകൊണ്ടു വിദ്യാർത്ഥികളുടെവായനയും സംഭാഷണങ്ങളും കൃതികളും ചുരുങ്ങിയിരിക്കുകയാണ്നല്ലതു്. കഴിയുന്നതുനന്നായിരിക്കാൻശ്രമിക്കണം. നാം ഒരുഭീർഘയാത്ര ചെയ്യുന്നുവെന്നിരിക്കട്ടെ. യാത്രയുടെ ആരംഭത്തിലെധൃതി അവസാനംവരെ ഉണ്ടാകാറുണ്ടോ? ഇല്ല അവസാനംവരെആരീതി തുടങ്ങുന്നതിനുപ്രാപ്തനാകുന്നകാര്യം കുറച്ചുപ്രയാസമാണ്. ഒരുയുദ്ധവീരന്റെ നിലയിൽനെപ്പോളിയന്റെ യശസ്സിനു ഹേതുവായരഹസ്യം എന്തായിരുന്നു? താൻനിശ്ചയിക്കുന്നതിനെ പൂർണ്ണമായുംചെയ്യും എന്നുള്ളതായിരുന്നു.

"നിങ്ങൾഇത്രയധികംജോലിനടത്തുന്നതെങ്ങനെയാണ്" എന്നു ഒരുവലിയആളോടു അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ ഒരാൾചോദിച്ചപ്പോൾ "ഞാൻഒരിക്കൽ ഒരുകാര്യംപ്രവൃത്തിക്കാൻ മാത്രമേആരംഭിക്കാറുള്ളൂ. അതിനെ പൂർണ്ണമായും കഴിയുന്നത്രവേഗത്തിലും ഭംഗിയായിചെയ്യുകയുംചെയ്യും" എന്നായിരുന്നുമറുപടി. വീട്ടിലേക്കു ചിലപ്പോൾ എഴുത്തയയ്ക്കുവാനുണ്ടല്ലൊ അതുമഷിക്കോരിഒഴിച്ചും വെട്ടുംതിരുത്തും നിറച്ചുംഎഴുതിവഷളാക്കി വെച്ചിട്ടു ബദ്ധപ്പാടിനെക്ഷമിക്കണം എന്നവസാനിപ്പിക്കാൻ ഇടയാകരുതു്. ധൃതഗതിയിൽ ഒന്നുംചെയ്വാൻനിങ്ങൾക്കു് അവകാശമില്ലെന്നുഓർമ്മിക്കണം. സ്വഭാവഗുണത്തിന്റെ സൂനതയാലാണ് ഇങ്ങനെ അനാവശ്യമായ ധൃതിയുണ്ടാകുന്നതു്. ആയതുസ്ഥിരനിശ്ചയക്കാർക്കുപറ്റിയതല്ല.

ചിത്തംശരീരത്തിനും ഞരമ്പുകൾക്കും സാമാന്യമായക്ഷീണമുണ്ടാകുമെന്നുള്ളതിനുസംശയമില്ല ആയതിനാൽ വിദ്യാർത്ഥികൾ കോപ്പു

ധീനരായിത്തീരുവാൻ ഇടയുണ്ട്. പ്രസിദ്ധഗ്രന്ഥകാരനായ ഗോൾഡ്-സ്മിത്തു് മഹാജനസമ്മതനായിരുന്നിട്ടും മിക്കഅവസരങ്ങളിലും ദുർമ്മുഖനായിട്ടും ചിന്താചഞ്ചലനായും വർത്തിച്ചിരുന്നതായി ചില ചരിത്രകാരന്മാർ പറയുന്നു. തന്റെകൃതികളിലെ പലപാത്രങ്ങളുടെ ദയാശീലത്തെയും മുഖപ്രസന്നതയേയും പുഷ്ടീകരിക്കാനായി ഇദ്ദേഹം സ്വന്തശീലത്തിൽ നിന്നുഇവയെഉപയോഗിച്ചുപോയതുകൊണ്ടുഇവതന്നിൽ ഇല്ലാതെതായിപ്പോയിരിക്കാമെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ചിലമനുഷ്യർക്കു ചിലപ്പോൾവളരെനല്ലപ്രകൃതിയും മറുചിലപ്പോൾനേരേമറിച്ചുകാണാറുണ്ട്. മനോവികാരങ്ങളെ അമർച്ചചെയ്വാൻ ചിലപ്പോൾസാധ്യമാവാതെവന്നേക്കാം. നല്ലസ്ഥിരനിശ്ചയക്കാർക്കേ സാധിക്കുകയുള്ളൂ. ഉള്ളിൽഒന്നുപുറമെഒന്നു ഈസ്വഭാവംനല്ലതല്ല; ഹൃദയം അന്യന്മാർക്കുഗ്രഹിക്കാൻ തക്കവണ്ണംതുറന്നിരിക്കേണ്ടതാണ്. ഇതുഭംഗിച്ചിരുന്നാൽപോരാ പരമാർത്ഥത്തിൽ അപ്രകാരംതന്നെയായിരിക്കണം. പാവപ്പെട്ട ചിലവിദ്യാർത്ഥികൾ തങ്ങളുടെ ശ്രേഷ്ഠസ്വഭാവംകൊണ്ടും പരമാർത്ഥതകൊണ്ടും മഹനീയന്മാരായികാണപ്പെടാറുണ്ട്. ധനംകൊണ്ടുമാത്രമല്ല പൂജ്യത സമ്പാദിക്കാവുന്നതു് എന്നു് ഓർമ്മിക്കണം.

അവനവന്റെസ്ഥിതികൊണ്ടു് ഒരുവിധംതൃപ്തിവേണം. എല്ലായ്പ്പോഴും തങ്ങളുടെ അവസ്ഥയെപ്പറ്റിപരുപരുക്കുന്നവരെഅന്യന്മാർഅനുഭവിക്കുകയോ ബഹുമാനിക്കുകയോചെയ്കയില്ല ഇക്കൂട്ടർക്കുശരിയായ മനസമാധാനവുംഉണ്ടാവുകയില്ല. കണക്കുഅഭ്യസിക്കുന്നതിലും ഭാഷപഠിക്കുന്നതിലും പലവൈഷമ്യങ്ങളുംഉണ്ടായേക്കാം. വലിയകായ്ങ്ങൾചെയ്വാൻ ഉദ്യോഗിക്കുന്നതിൽ ഇപ്രകാരമുള്ള പലപ്രതിബന്ധങ്ങളും ഉണ്ടാകുന്നതുസ്വഭാവികമാണു്. ചിലപ്പോൾപഠിത്തമുറിസുഖപ്രദമല്ലാതെയും സഹപാഠിവിരസനായുംവരാം. എന്നാൽ നിങ്ങളുടെ സൽസ്വഭാവംകൊണ്ടു് ഈന്യൂനതഅനായാസേനപരിഹരിക്കാം. സജ്ജനസഹവാസം കൊണ്ടു എത്രയോകുബുദ്ധികൾ നന്നാകാറുണ്ടു്. താമസസ്ഥലം ഇഷ്ടമില്ലാതിരുന്നാൽ അതേപ്പറ്റിഅത്രഗൗനിക്കാതിരിക്കുന്തോറും ആദോഷം വിസ്മരിക്കപ്പെട്ടുപോകും. പഠിത്വത്തിൽ ശ്രദ്ധകുറവുള്ള വിദ്യാർത്ഥികൾക്കാണു് ഈവക അസ്വാസ്ഥ്യങ്ങൾവർദ്ധിച്ചുവരുന്നതു്. നിങ്ങളേക്കാൾപണക്കാരേയും അധികംബഹുമാനിക്കാരേയുംനിങ്ങൾ ചിലപ്പോൾ കാണുന്നുണ്ടായിരിക്കാം. വാസ്തവമാണു് പക്ഷെ വിദ്യാർത്ഥികളുടെ വിലനിർണ്ണയിക്കുന്ന സ്ഥലം ക്ലാസ്സുമുറിയാണെന്നു് ഓർമ്മിക്കണം. അവിടെ പണത്തിനും വസ്ത്രാഡംബരത്തിനും അല്പ പൂജ്യത ലഭിക്കുന്നതു്. ഉടുപ്പും പണവും അവിടെ അനാദരിക്കപ്പെടുകയും സൽസ്വഭാവവും വിദ്യാഭ്യാസശ്രദ്ധയും ബഹുമാനിക്കപ്പെടുകയും ചെയ്യും.

വി. കുരിശിന്റെ പുകഴ്ച.

[ഫാ. ഫിലിപ്പോസ് സി. ഡി.]

സെപ്റ്റംബർ മാസം 14-ാം൹- വി. കത്തോലിക്കാസഭയിൽ സാവ്വത്രികമായി വി. കുരിശിന്റെ പുകഴ്ചതിരുനാൾ ആഘോഷിക്കപ്പെടുന്നതിനാൽ നമ്മുടെ കർത്താവായ ഈശോമിശിഹാ മനുഷ്യകുലപരിത്രാണാർത്ഥം സകലവിധ കഷ്ടാനുഭവങ്ങൾക്കുശേഷം തൂക്കപ്പെട്ടു മരിച്ച ആ ശ്ലീ. സ്ലീവായെക്കുറിച്ചു് സ്വല്പം പറയുന്നതു അവസരോചിതമായിരുമെന്നു് വിചാരിക്കുന്നു. ഈ ആധുനിക കാലത്തിൽ കൊലക്കുറ്റക്കാരെ തൂക്കുന്ന കഴുമരം, എപ്രകാരം നിന്ദ്യമായി വിചാരിക്കപ്പെട്ടുന്നൊ അതിലധികമായി പൂർവ്വകാലങ്ങളിൽ വലിയ പാതകന്മാരെ തൂക്കുന്ന കുരിശുമരം അത്ര ഹീനമായി മതിക്കപ്പെട്ടിരുന്ന മനുഷ്യവർഗ്ഗത്തെ പാപാന്ധകാരങ്ങളിൽനിന്നും പൈശാചികബന്ധനത്തിൽനിന്നും, ഉദ്ധരിക്കുന്നതിനായി ഇഹത്തിൽ ജാതനായ അനന്തസ്നേഹനിധിയും പരമനന്മയുമായ മിശിഹായെ നിരവധി പീഡകൾ അനുഭവിപ്പിച്ച ശേഷം യഹൂദന്മാരുടെ ആഗ്രഹത്താൽ റോമ്മാപടയാളികൾ തൂക്കിയതും അപമാനകരമായി ഗണിക്കപ്പെട്ടിരുന്ന കുരിശുമരത്തിൽ തന്നെയാകുന്നു. മനുഷ്യഗണത്തിന്റെയും, പ്രത്യേകം യഹൂദപ്രമാണികളുടെയും, പടയാളികളുടെയും വിദ്വേഷവും, പകയും, ഒരു വിധം പ്രദർശിപ്പിക്കുന്നതിനും അപ്രകാരം അവരുടെ കൃതഘ്നതയേയും, സ്നേഹമില്ലായ്കയേയും പ്രദർശിപ്പിക്കുന്നതിനും, അവർ തെരിഞ്ഞെടുത്ത കരുവും കുരിശുതന്നെ. ജാതിഭേദമൊ, രാജ്യവ്യത്യാസമൊ, കേവലം വകവെയ്ക്കാതെ സകല മനുഷ്യരുടെയും ഗുണത്തെ ഉദ്ദേശിച്ചു്, അവരുടെ പാപങ്ങൾ ക്ഷമിക്കുന്നതിനും, അവക്കുവേണ്ടി സ്വയം പരിഹാരം നേടുന്നതിനുമായി നിത്യപിതാവിന്റെ തിരുമനസ്സിനനുസരണമായി സന്തോഷത്തോടുകൂടെ അവിടുന്നു കുരിശുമരണം അനുഭവിച്ചു.

എന്നാൽ സകലത്തിന്റെയും നായകനായി ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചുഭരിക്കുന്ന ആ നിത്യപിതാവു് തന്റെ ഏകപുത്രന്റെ പരമമായ സ്വയംപരിത്യാഗത്തെ നീതിപൂർവ്വം വീക്ഷിക്കുകയും തന്റെപുത്രനെ ആകാശത്താളം ഉയർത്തുകയും ചെയ്തു. അവിടുന്നു് അവമാനം സഹിച്ച ആ കഴുമരത്തെ, അതെ, ആ ശ്ലീവായെതന്നെ ആരാധനീയമായ തിരുവസ്തുവായി ഉയർത്തിയിരിക്കുന്നു എന്നു് അനുഭവവും അനേകം അത്ഭുതസംഭവങ്ങളും തെളിയിച്ചിരിക്കുന്നു, തന്മൂലം ഇപ്പോൾ

വിശുദ്ധകുരിശിന്റെ മഹത്വവും ഗുണങ്ങളും അവർണ്ണനീയങ്ങളായി പരിണമിച്ചുകഴിഞ്ഞു. നമ്മുടെ കർത്താവു തൂങ്ങിമരിച്ച ആ സ്ലീവാ ഇപ്പോഴും അതിപരിശുദ്ധമാകുന്നു. അതുവഴിയായി മുമ്പുണ്ടായിട്ടുള്ളതും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അത്ഭുതങ്ങൾ അസംഖ്യമാണ്. കൊൺസ്റ്റൻറീനോസ് ചക്രവർത്തിയുടെ മാതാവായ വി. ഹെലേനായുടെ പരിശ്രമത്താൽ ക്രിസ്താബ്ദം 326-ൽ ഗാഗുൽത്താമലയിൽ വേദവിരോധിയായ അദ്ര്യാൻ ചക്രവർത്തിയുടെ കല്പനയാൽ മൂടപ്പെട്ടിരുന്ന തിരുകല്ലറ കണ്ടുപിടിക്കയും അതിനു സമീപത്തായി കുഴിച്ചുമൂടിയിരുന്ന തിരുസ്ലീവാ കണ്ടെടുക്കയുമുണ്ടായി. ഇതിന്റെ സ്മരണയെ നിലനിർത്തുവാനായി കുരിശിന്റെ കണ്ടെടുപ്പ് എന്ന അഭിധാനത്തിൽ മേയ് മാസം 3-ാംനു- ഒരു തിരുനാൾ കത്തോലിക്കസഭയിൽ ആഘോഷിക്കുന്നുണ്ട്. കാലാന്തരത്തിൽ പേർസ്യാരാജാവു് പലസ്തീനായെ ആക്രമിക്കുകയും മറ്റു പല തിരുവസ്തുക്കളോടുകൂടി വി. കുരിശിന്റെ ശകലങ്ങളും 629 ൽ പേർസ്യായിലേക്കു കടത്തിക്കൊണ്ടു പോകയും ചെയ്തു ഹെരാക്ലിയൂസ് ചക്രവർത്തിയുടെ ഭരണകാലത്തു ശത്രുക്കളുടെ കൈവശത്തിൽനിന്നും ആ തിരുവസ്തു തിരികെ എടുത്തു വീണ്ടും ഓർശ്ലേമിലെത്തന്നെ ആഘോഷപൂർവ്വം ക്രിസ്താബ്ദം 629-ൽ സ്ഥാപിച്ചു. പ്രസ്തുത വി. സ്ലീവാസ്ഥാപനം സംബന്ധിച്ചു് അന്നു് അവിടെ ഒരത്ഭുതം നടന്നു.

ഹെരാക്ലിയൻ സ്ഥാനവസ്ത്രങ്ങളോടുകൂടി വി. കുരിശുസ്വന്തം തോളിൽവഹിച്ചുമലയിലേക്കു കൊണ്ടുപോകുവാൻഭാവിച്ചു. പക്ഷെ ഒരടിമുമ്പോട്ടനടക്കുവാൻവയ്യാതെവിഷമിച്ചു. ഓർശ്ലേംപാത്രിയർക്കീസായ മാർസ്കറിയാ തിരുമേനിയുടെ ഉപദേശപ്രകാരം ചക്രവർത്തിയുടെആഡംബരവസ്ത്രങ്ങളും മാററിതപോവസ്ത്രങ്ങളും ധരിച്ചുതിരുസ്ലീവായെ സ്വഭുജങ്ങളിൽവഹിച്ചു ഭക്തിപൂർവവും മനഃസ്താപത്തോടുകൂടിയും മന്ദം മന്ദം നടന്നു തിരുവസ്തു അതിന്റെ പൂർവസ്ഥാനത്തു വീണ്ടുംസ്ഥാപിക്കുന്നതിനിടയായി. അതിന്റെസ്മരണയ്ക്കായി കുരിശിന്റെ പുകഴ്ചതിരുനാൾ സെപ്തംബർ 14-ാംതീയതി തിരുസ്സഭയിൽ ആഘോഷിക്കപ്പെടുന്നു. നമ്മുടെകർത്താവു് തൂങ്ങിമരിച്ച വി. കുരിശുയഥാസ്ഥിതിയിൽ ലോകത്തിൽ എല്ലാആരാധനസ്ഥലങ്ങളിലും സുലഭമല്ലാത്തതിനാൽ പ്രസ്തുതകുരിശിനുതുല്യമായിമരംകൊണ്ടും ലോഹങ്ങൾകൊണ്ടുംനിർമ്മിക്കപ്പെടുന്നകുരിശുകളും പ്രസിദ്ധമായിവണങ്ങപ്പെടുന്നു. ഒരുകാലത്തുനിന്ദ്യമായിരുന്ന കുരിശുഇപ്പോൾ ഒരലങ്കാരമായി എല്ലായിടങ്ങളിലും, രാജാക്കന്മാരുടെകിരീടങ്ങളിൽപോലും, പരിലസിക്കുന്നു. ലോകാവസാനത്തിൽ ഉണ്ടാകുവാനിരിക്കുന്ന പൊതുവിധിക്കു

പ്രാരംഭമായി,വിധിയാളനായിരിക്കുന്നമിശിഹായുടെ നീതിയോടുകൂടിയ കടശിആഗമനത്തെ അറിയിക്കുവാൻ, മിശിഹാതൂങ്ങിമരിച്ച പ്രസ്തുത കുരിശുതന്നെ പ്രഥമമായി പ്രത്യക്ഷപ്പെടും. "അപ്പോൾമനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽകാണപ്പെടും; (മത്താ. അ. 24 വ. 30). നമ്മുടെ ദേവാലയത്തിലുംനാളുകൾക്കു പ്രദക്ഷണാവസരത്തിൽ ആദ്യമായി വഹിക്കപ്പെടുന്ന മരക്കുരിശു പൊതുവിധിയുടെ സ്മരണയെനിലനിർത്തുന്ന അടയാളമാകുന്നു. ശ്ലൈഹസ്ലീവായുടെ അടയാളംവരയ്ക്കുന്നക്രമം അതിപുരാതനമായഒരുപ്രാർത്ഥനക്രമമാകുന്നു. 'ശ്ലൈഹമാന' എന്നതു തമിഴ് പ്രയോഗവും, 'സ്ലീവാ' എന്നതുകൽദായസുറിയാനിയുംആകുന്നു. പ്രസ്തുതപ്രയോഗം ഇപ്പോൾ മലയാളീകരിക്കപ്പെട്ടിരിക്കയാണ്. കുരിശു് എന്നതു് പോർത്തുഗീസ് ഭാഷാപ്രയോഗമാണ്. മലയാളത്തിൽഇതിനുചേരുന്ന പ്രയോഗം'കഴുവ്' മരം എന്നാണു'. അതിന്റെപ്രയോഗം നടപ്പാക്കുന്നതു് അനുചിതമായിരിക്കും. ഇങ്ങനെ നമ്മുടെപ്രാർത്ഥനാരീതിയിൽ പൂർവികമായിതന്നെ പലേ ഭാഷകളുംകടന്നുകൂടീട്ടുണ്ടു്. അങ്ങിനെയുള്ള ഭാഷാപ്രയോഗംഇപ്പോഴും ഉണ്ടായിരിക്കുന്നതിനാൽ "ശ്ലൈഹമാനസ്ലീവായുടെ" എന്നപ്രയോഗം ആക്ഷേപാർഹമല്ല. കുരിശുവഴിയായി സൂചിപ്പിക്കുന്ന രഹസ്യങ്ങളും നിരവധിയത്രേ. നമ്മുടെ കർത്താവു് ഈശോമിശിഹായുടെ മനുഷ്യാവതാരം താഴ്മയായജീവിതമുറ, സഹനശീലം; സ്വയംപരിത്യാഗം. കഷ്ടാനുഭവങ്ങളും, കുരിശുമരണംമുതലായി. മനുഷ്യരക്ഷയെസംബന്ധിക്കുന്ന , അനേകസംഗതികളും കുരിശുവരയ്ക്കുന്നതിൽ അടങ്ങിയിരിക്കുന്നു. ഇസ്രായേൽക്കാർവനത്തിൽ സഞ്ചരിക്കയിൽ സർപ്പദംശനത്തിൽ നിന്നും രക്ഷപ്രാപിക്കുന്നതിനു് ദൈവകൽപ്പനപ്രകാരംമൂശ ഒരു പിച്ചളസർപ്പംഉണ്ടാക്കി ജനതാമധ്യത്തിൽഉയർത്തി സ്ഥാപിച്ചു. അതിനെദർശിക്കുന്നവർ സർപ്പവിഷം എൽക്കാതെ ജീവിച്ചിരുന്നു. അപ്രകാരംകർത്താവു് തൂങ്ങിമരിച്ച കുരിശിനെയഥാർത്ഥധ്യാനത്തോടുകൂടി ദർശിച്ചാൽ നിത്യമായി മരിക്കയില്ല. മിശിഹാ തൂങ്ങിമരിച്ചകുരിശിന്റെ ഒരുരൂപകമായി പിച്ചളസർപ്പംവിചാരിക്കപ്പെടുന്നു. അതുശരീരജീവനെകാത്തു. മിശിഹായുടെ കുരിശു് ആത്മജീവനെ കാക്കുന്നു കത്തോലിക്കു് ക്രിസ്ത്യാനികളും തങ്ങളുടെ സകല പ്രാർത്ഥനകൾക്കും തിരുക്കർമ്മങ്ങൾക്കും സ്ലീവായുടെ അടയാളംവരയ്ക്കുക അതിപുരാതനമായ ഭക്തമുറയാകുന്നു.

കുരിശിന്റെ പുകഴ്ചയുടെ പേരിൽ ഒരു പ്രത്യേകതിരുനാൾ ശ്ലൈഹ. പള്ളി ആഘോഷിക്കുന്നതു് ക്രിസ്ത്യാനികളുടെ ഇടയിൽ കുരിശിന്റെ നേർക്കു സ്നേഹവും, വണക്കവും, ഭക്തിയും ജനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തിലായിരിക്കുന്നു. പുണ്യവാന്മാരുടെ സകല ശാസ്ത്രങ്ങളും പഠിപ്പിക്കു

ന്ന ഒരു ഗ്രന്ഥവുമാണ കുരിശ്. അതു ദൈവത്തിനു നമ്മുടെനേക്കുള്ള സ്നേഹത്തെ കാണിക്കുന്നു. നമ്മുടെ പാപങ്ങളെക്കുറിച്ചു മനസ്താപപ്പെടണമെന്നും, രക്ഷകനായ മിശിഹായോടു കൃതജ്ഞത പ്രദർശിപ്പിക്കണമെന്നും കാണിക്കുന്നു. ആത്മരക്ഷയിലുള്ള ശ്രദ്ധ കാന്തി, എളിമ, കീഴ്വഴക്കം, ക്ഷമ, മുതലായ വിവിധ സുകൃതങ്ങളും മിശിഹായുടെ കുരിശിൽനിന്നു നമുക്കു പഠിക്കാം. കുരിശ് അടയാളം പിശാചിനെ ഓടിക്കുന്ന ആയുധമാകുന്നു. മിശിഹായുടെ സാക്ഷാത്തായ ശിഷ്യത്വം ആഗ്രഹിക്കുന്നവർ സ്വയപരിത്യാഗംചെയ്ത് തന്റെ കുരിശിനെ നമ്മനസ്സാലെ വഹിക്കേണ്ടിയിരിക്കുന്നു. വി. പൗലോസ് പറയുന്നു; "ക്രൂശിക്കപ്പെട്ട മിശിഹായുടെ നാമത്തിനു്, സ്വർഗ്ഗവാസികളും ഭൂവാസികളും, പാതാളത്തിൽ വസിക്കുന്നവരും ഒന്നാകെ മുട്ടുമടക്കി കുനിയുന്നു" (ഫിലിപ്പ് അ. ൨൰ വാ. ൧൦) "നമ്മുടെ കർത്താവായ മിശിഹായിലുള്ള കുരിശിൽ അല്ലാതെ പ്രശംസിക്കുവാൻ എനിക്കോ ഇടയാകാതിരിക്കട്ടെ" (ഗാല. അ. ൬ വാ. ൧൪) വി. ആഗുസ്തീനോസ് പറയുന്നു. "കുരിശടയാളത്താലും മിശിഹായുടെ നാമോച്ചാരണത്താലും എല്ലാ വസ്തുക്കളും ശുദ്ധീകരിക്കപ്പെടുകയും ആശീർവദിക്കപ്പെടുകയും ചെയ്യുന്നു." നമ്മുടെ സുറിയാനിനമസ്കാരത്തിൽ, താഴെവരുന്ന പ്രാർത്ഥനയുണ്ട്. "കർത്താവെ! നിന്റെ കുരിശു ഞങ്ങളെ രക്ഷിച്ചു; നിന്റെ കുരിശു ഞങ്ങളെ രക്ഷിക്കുന്നു; നിന്റെ കുരിശു ഞങ്ങളുടെ ആത്മാവുകൾക്കു കോട്ടയായിരിക്കട്ടെ!" ആകയാൽ ഈ പരിശുദ്ധ കുരിശിന്റെ പിൻഗാമികളായി ഈ ലോകസന്തോഷങ്ങളെ ത്യജിച്ചു ദുഃഖങ്ങളും കഷ്ടാനുഭവങ്ങളും സഹിച്ചു നാമെല്ലാവരും മിശിഹായെ പിൻചെല്ലേണ്ടിയിരിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ തന്നോടുകൂടി ആനന്ദിച്ചു നമുക്കു വാഴുകയും ചെയ്യാം. "ഈ കുരിശിന്റെ അടയാളത്താൽ നീ ജയിക്കും" എന്ന വാക്യത്തെ സദാ സ്മരിക്കുക.

ജപാപ്പസ്തോലസഖ്യം.

സെപ്റ്റംബർ മാസത്തെ പൊതുനിയോഗം.

I സ്വർഗ്ഗസ്ഥനായ ഏകപിതാവിന്റെ സന്താനങ്ങളാണു് തങ്ങളെന്നു സകല മനുഷ്യരും അറിയുന്നതിനു്.

ദൈവത്തിന്റെ അവകാശങ്ങൾക്കായി ക്രിസ്ത്യാനികൾ പോരാടുന്നതിനുവേണ്ടിയാണല്ലൊ കഴിഞ്ഞ മാസത്തിൽ നാം പ്രാർത്ഥിച്ചതു്. ദൈവത്തിന്റെ അവകാശങ്ങളിൽ പ്രഥമഗണനീയമായ ഒന്നിനുവേ

ണ്ടിയാണ് ഈ മാസത്തിൽ നാം പ്രാർത്ഥിക്കേണ്ടത്. ദൈവം സകല മനുഷ്യരുടെയും പിതാവാണെന്നുള്ളതു് ക്രൈസ്തവമതത്തിന്റെ അടിസ്ഥാനതത്വമാണ്. മനുഷ്യകുലത്തിനു് അഭിമാനകരമായ ഈ തത്വം നമ്മുടെ ദിവ്യരക്ഷകൻ ദൃഷ്ടാന്തത്താലും വിവിധോപദേശങ്ങളാലും നമ്മെ പഠിപ്പിച്ചിട്ടുള്ളതാണ്. അവിടന്നു പഠിപ്പിച്ച കർത്തൃപ്രാർത്ഥനയിൽതന്നെ 'ഞങ്ങളുടെ പിതാവെ'എന്ന മധുരിമകലരുന്ന സംബോധനയാണ അദ്യമേ ചേർത്തിരിക്കുന്നതു്. ലോകജീവിതത്തിനു് അത്യാവശ്യങ്ങളും ഉപയോഗപ്രദങ്ങളുമായ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കയിൽ അവിടന്നു പ്രസ്താവിച്ചതു് ''ഇവയെല്ലാം നിങ്ങൾക്കു് ആവശ്യമാണെന്നു നിങ്ങളുടെ പിതാവറിയുന്നു.'' (മത്താ. 6-7) എന്നാണ്. അതി സ്വാഭാവികജീവിതത്തെപ്പറ്റി പറയുന്ന കൂട്ടത്തിൽ വി യോഹന്നാൻ ഇപ്രകാരം പ്രസ്താവിക്കുന്നു:-''പിതാവിനു നമ്മോടുള്ള സ്നേഹം എത്രയധികമെന്നു നോക്കുവിൻ. അവിടന്നു നമ്മെ പുത്രന്മാരെന്നു വിളിക്കയും നമ്മെ അങ്ങനെ ആക്കിത്തീർക്കുകയും ചെയ്തുവല്ലൊ. (1 യോഹ. 3-1) ദൈവത്തിന്റെ രണ്ടുവിധത്തിലുള്ള ഈ പിതൃത്വത്തെ സകല ജനങ്ങളുംഅംഗീകരിക്കുന്നതിനുവേണ്ടി സ്വർഗ്ഗാംഗങ്ങളും ഈ മാസത്തിൽ പ്രാർത്ഥിക്കണമെന്നു പ. പിതാവാഗ്രഹിക്കുന്നു. ''നമ്മൾ സഹോദരന്മാരാകുന്നു, എന്തുകൊണ്ടെന്നാൽ നാം പിതാവായ ദൈവത്തിന്റെ മക്കളാകുന്നു''എന്ന ദിവ്യസൂക്തം സകലരും അംഗീകരിക്കയും അതിന്റെ തത്വം പ്രവൃത്തിയിൽ വരുത്തുകയും ചെയ്യാതെ ആധുനികകാലത്തെ ദയനീയാവസ്ഥയിൽനിന്നു രക്ഷപ്രാപിക്കുന്നതിനു് രാഷ്ട്രങ്ങൾക്കൊ മനുഷ്യകുലത്തിനൊ സാധിക്കയില്ലെന്നുള്ളതും നാം ഏറ്റുപറയാതെ തരമില്ല. അതുകയാൽ ദൈവത്തെ മനുജകുലത്തിന്റെ ഏകപിതാവായി സകലരും അംഗീകരിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

II മിഷ്യൻപ്രദേശങ്ങളിൽ കത്തോലിക്കപ്രവർത്തനം അഭിവൃദ്ധി പ്രാപിക്കുന്നതിനു്.

സുഗ്രസ് മരണാർഹനായ 11-ാംപീയൂസ് മാർപ്പാപ്പാതിരുമനസ്സിലെ നിർദ്ദേശങ്ങളും അനുസരിച്ചും ഡെലിഗേറ്റ് അപ്പസ്തോലിക്കാമാരുടെ നേതൃത്വത്തിലും 400-ൽപരം മിഷ്യൻരാജ്യങ്ങളിൽ ഇതിനകം കത്തോലിക്കപ്രവർത്തനസംഘങ്ങൾ രൂപവൽകൃതമായിക്കഴിഞ്ഞിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട അത്മായകത്തോലിക്കർ-പുരുഷന്മാരും സ്ത്രീകളും-സംഘടിച്ചു അത്മായപ്രേഷിതത്വത്തിൽ ഭാഗഭാക്കുകളായി പരിശ്രമിച്ചുവരുന്നു. അവർ ആദ്ധ്യാത്മികജീവിതത്തിന്റെ മൂലതത്വങ്ങളും പ്രചരി

ച്ചിച്ചുകൊണ്ടിരിക്കുന്നു. വിവാഹം, യഥാർത്ഥസമുദായതത്വശാസ്ത്രം, യുവജനങ്ങളുടെ വിദ്യാഭ്യാസം മുതലായ വിഷയങ്ങളെ പരാമർശിച്ചുകൊണ്ട് 11-ാം പീയൂസ് മാർപ്പാപ്പാ എഴുതിയിട്ടുള്ള വിശ്വലേഖനങ്ങളെ പഠിക്കുന്നതിലും വിശദീകരിക്കുന്നതിലും അവർ വ്യാപൃതരായിരിക്കുന്നു. സകലമിഷ്യൻരാജ്യങ്ങളിലും കത്തോലിക്കപ്രവർത്തനം സുദൃഢമായി സ്ഥാപിക്കപ്പെടുന്നതിനും വിവേകപൂർവ്വം ഭരിക്കപ്പെടുന്നതിനും ധാരാളമായി ഫലം പുറപ്പെടുവിക്കുന്നതിനും വേണ്ടി നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കപ്രവർത്തനം വിജയം പ്രാപിക്കുന്നതിന്, കത്തോലിക്കപ്രവർത്തനസംഘങ്ങളിന്മേൽ പ്രത്യേക ശ്രദ്ധാപതിക്കുന്നതിന് സമയവും സൗകര്യവുമുള്ള സമർത്ഥന്മാരും ഉത്സാഹശീലന്മാരുമായപ്രേഷിതന്മാരും, ഉദാരമതികളും ത്യാഗസന്നദ്ധരും അനുസരണശീലരുമായ സ്ത്രീപുരുഷന്മാരും അത്യന്താപേക്ഷിതമാണ്. എല്ലാവരും ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ യാഥാർത്ഥ അപ്പസ്തോലന്മാരും ഹയറാർക്കിയുടെ ഉറവസഹായികളും ആയിത്തീരണം. ഇതിനുവേണ്ടി നമുക്ക് ഈ മാസത്തിൽ യത്നിക്കയും ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കയും ചെയ്യാം.

—o—

ധർമവാർത്തകൾ.

അതിരമ്പുഴ ഫൊറോനാപ്പള്ളി എടവക കുളംകുത്തിയിൽ പെ. ബ. ദേവസ്യാച്ചൻ അവർകളുടെ മാതാവ് ആഗസ്റ്റ് 8-ാംതീയതിയും,

വടകയപ്പള്ളി എടവക പാറപ്പുറത്തു പുത്തൻപുരയിൽ തോമസ്സ് അവർകളുടെ മകനും അലഹബാദ് മിഷ്യനിലേയ്ക്കു പോയിരുന്ന ആളുമായ ബ്രദർ പോൾ ജൂലായി 9-ാംതീയതിയും,

ചങ്ങാശേരി ഭദ്രാസനപ്പള്ളി എടവക ചെറുകര സി. ജെ. മാത്യു ബി. എ. ആഗസ്റ്റ് 12-ാംതീയതിയും

കാഞ്ഞിരപ്പള്ളി ഫൊറോനാപ്പള്ളി ഇടവകയിൽ കരിമ്പനാൽ കെ. ഐ. തോമ്മസ്സ് ആഗസ്റ്റ് 14-ാം തീയതിയും

പുളിങ്കുന്നു പള്ളിയിടവക ശ്രാമ്പിക്കലായ നെടിയാമ്പാക്കൽ അന്നാ 76-ാമത്തെ വയസ്സിൽ ആഗസ്റ്റ് 15-ാം തീയതിയും

മാന്നാനം ഗൊവന്തയിൽ ചെന്നിരുന്ന കുടമാളൂർ എടവക വരിക്കപ്പള്ളിൽ ബക്കുമാൻസു സഹോദരൻ ആഗസ്റ്റ് 19-ാംതീയതിയും അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു നമ്മുടെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. വിശ്വാസികൾ ഇവരുടെ ആത്മാക്കുലാഭം പ്രാർത്ഥിപ്പാറാകണം.

ബദ്ധാജ്ഞലി

[കെ ററി. കുയ്യാക്കോസ് ഇടമറ്റം]

സകലവുമൊരുവാക്കുകൊണ്ടുഭംഗി–
ത്തികവൊട്ടുമങ്ങു ചമച്ച ദൈവമേ നീ!
അകതളിർതെളിയിച്ചു നിന്നെവാഴ്ത്താൻ,
മികവൊട്ടുമെന്നെയനുഗ്രഹിക്ക മോദാൽ. 1

സ്ഫുടമിവരരി സഞ്ചയത്തിനോടി–
ങ്ങിടപെടുകാണു; നശിച്ചുപോയിടും ഹാ!
ചടവുചെറുതുമെന്നിയേ ജയിപ്പ–
നിടതരണം ഭവേയുദ്ധത്രുവിലിന്നാശം. 2

ജനതതിയഖിലം മട്ടിപ്പുപോലും
നിനവതുചെയ്തിടുവാൻ ധരേശ! നിന്നെ
ദിനവുമെ നിജഭക്തരായിവാഴാ–
നനഘമഹോ, തുണചെയ്ക ചിന്മയാ, നീ, 3

പ്രിയമതുചെറുതാന്നിടാതെ,വല്ലാ–
തുയരിനവൈരമതാൻ, മർത്യർപാപ–
ക്കയമതു നടുവാ;യടിഞ്ഞുപോം; നിൻ
നയനമതിന്നു തിരിക്ക മന്നിലേയ്ക്കായ്. 4

നരതതിനിജയിഷ്ടമാൻ മോദാൽ
ധരയതിൽവാണിടുവാൻ ശുഭാനപിതംമേൽ,
പര! തുണയുക; ദേഹി കാത്തുകൊൾവാൻ
വരമതുമേകുക, മാരിതന്റെ മട്ടിൽ. 5

ഇവരഹോ പരലോകലക്ഷ്യമോടേ
അവനിയതിൽ ബത! സഞ്ചരിപ്പു താതാ!
ജവമൊട്ടുകടുപാപക്രൂപ വീഴാ–
തവനനിധേ! തുണചെയ്ക സാമുദം നീ. 6

അജ, ഷ്ണുമയ, നിത്യദൈവമെ,കേഹം
നിജചരണം ശരണം മദീയമേകം;
ധ്വജമതുകരമേന്തി,വെന്നശത്രു–
വ്രജ,മിഹസപർഗ്ഗമതേറിടാൻതുണയ്ക്ക. 7

15648

കത്തോലിക്കാപ്രവർത്തന പദ്ധതി.

തിടനാട് സ്ഥലം സി. എ. സി. സംഘം 1937 ജൂലായി 25-ാംതു വികാരി റവ. ഫാ. അബ്രാഹം മുണ്ടിയാനി അവർകളാൽ ഉൽഘാനം ചെയ്യപ്പെട്ടു. അനന്തരം ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രസ്സിഡന്റ് തോമ്മസ്സ് പുലിക്കുന്നേൽ, ജോർജ്ജ് കുമ്മണ്ണൂപ്പറമ്പിൽ, മാത്തുകുണിയപറമ്പിൽ എന്നിവരെ യഥാക്രമം പ്രസിഡൻറും സെക്രട്ടറിയും ഖജാൻജിയുമായി തെരഞ്ഞെടുത്തു. ബ. അച്ചന്മാരുടെ നിരന്തരപ്രയത്നവും പ്രോത്സാഹനവുംമൂലം 320 അംഗങ്ങൾ ഈ സംഘത്തിനുണ്ട്. സ്ത്രീകൾക്കായി ഒരു സംഘം രൂപവൽക്കരിക്കയും അതിൽ 104 പേർ അംഗങ്ങളായി ചേരുകയും ചെയ്തിട്ടുണ്ട്. പ്രസിഡൻറ് ശ്രീമതി അന്നാ ചാക്കോ തെള്ളിയിൽ ആണ്.

1937 ആഗസ്റ്റ് 29-ാംതു റവ. ഫാ. കെ. സി. ചാണ്ടി ബി. എ. എൽ. റ്റി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 22 പേർ അടങ്ങിയ ഒരു കമ്മറ്റി തിരഞ്ഞെടുക്കപ്പെട്ടു.

സെപ്റ്റംബർ 12-ാംതു ബ ഡയറക്ടരുടെ അദ്ധ്യക്ഷത്തിൽ നടന്ന യോഗത്തിൽ താഴെ വരുന്ന നിശ്ചയങ്ങൾ പാസാക്കി. 1 ഓരോ ഇംഗ്ലീഷ് മാസത്തിന്റെയും അവസാന ഞായറാഴ്ച മാസയോഗം നടത്തേണ്ടതാണ്. 2. ഒരു വീട്ടിൽ താമസക്കാരായ നാലുപേർ സി. എ. സി. അംഗങ്ങളായിരിക്കുന്നപക്ഷം ഒരാൾമാത്രം മാസവരി കൊടുത്താൽ മതി. മറ്റംഗങ്ങൾക്കു പ്രവേശനഫീസുമാത്രം കൊടുത്തു് അംഗങ്ങളായിരിക്കാം. 3. പുരുഷന്മാർക്കു 2 ചക്രവും സ്ത്രീകൾക്ക് 1 ചക്രവും കുട്ടികൾക്ക് ൽ ചക്രവും പ്രവേശനഫീസും അവർക്കു മാസഫീസു യഥാക്രമം 1-ൽ-യും ൽ-ം ചക്രം വിതവും ആയിരിക്കും. 4. പുതുക്കിസ്ത്യാനികൾക്കു പ്രത്യേക സൌജന്യങ്ങൾ അനുവദിക്കണം.

ഒരു മാസത്തിനുശേഷം കൂടിയ യോഗത്തിൽ സി. എ. സി. വകയായി ഒരു വായനശാല സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പരിശ്രമങ്ങൾ നടന്നു.

ഈ സി. എ. സി. സംഘത്തിന്റെ പരിശ്രമഫലമായി 16 അംഗങ്ങൾ അടങ്ങിയ രണ്ടു മലനായർ കുടുംബങ്ങളെയും 5 അംഗങ്ങളുള്ള ഒരു ഈഴവ കുടുംബത്തെയും 2 ഈഴവരെയും, 11 അംഗങ്ങൾ ഉൾപ്പെട്ട രണ്ടു യാക്കോബായ കുടുംബങ്ങളെയും 7 അംഗങ്ങൾ അടങ്ങിയ ഒരു സി. എം. എസ്. പു. ക്രി. കുടുംബത്തെയും ഒരു ആശാരിയെയും വേണ്ട പ്രാർത്ഥനകൾ പഠിപ്പിച്ചു സഭയിലേക്കു സ്വീകരിച്ചിട്ടുണ്ട്. ഇതിനു

ചെലവായ 25-ൽപരം രൂപാ ബ. അച്ചന്മാരും സി. എ സി. അംഗങ്ങളുംകൂടിയാണ് വഹിച്ചത്. ഇപ്പോൾ ഇടവകയുടെ ഭാഗങ്ങളിലായി മൂന്ന സ്ക്കൂളുകൾ കെട്ടിയുണ്ടാക്കി വേദപാഠം നടത്തിവരുന്നു.

തൃശ്ശൂർ. സ്ഥലം സി. എ സി. സംഘത്തിന്റെയും മറ്റും പ്രേഷിതവേലയുടെ ഫലമായി ഒരു അകത്തോലിക്കാ കുടുംബത്തെ മാനസാന്തരപ്പെടുത്തി കത്തോലിക്കാ സഭയിൽ ചേർത്തിരിക്കുന്നു.

സി എ സി. യുടെ ആഭിമുഖ്യത്തിലും മറ്റും നടത്തിയ പണപ്പിരിവുകൊണ്ടു സാധുകുടുംബങ്ങളെ സഹായിക്കുകയും കടങ്ങൾ വീട്ടികൊടുക്കുകയും ചെയ്യുന്നു.

കത്തോലിക്കായ്മ

SOLUTIO CASUS THEOLOGIAE MORALIS N. 22.

—808—

Si in talibus graviter turpibus actibus julia consensum peccato non praebendo pro viribus resistit, nullum reatum contrahit. Sed in praxi, in hujusmodi adjunctis difficile est complacentiam non habere, et sic a gravi culpa immunem esse. Quoad metum parentum, cum iste non soleat esse tantus, non licet juliae in caupona manere; sed excusari potest si forte graves saevitias a parentbus metuat, aliud medium victus comparandi non habeat, et interim proximam peccati occasionem remotam faciat per orationem etc.

സ്ഥലം എസ്. ബി. കോളജിൽവച്ച് ആഗസ്റ്റ് 28-നു മുതൽ സെപ്റ്റംബർ 2-നു വരെയുള്ള ദിവസങ്ങളിൽ മത്തേയോ ക്രൌളി-ബ്യൂവേ, S. S., C. C., അവർകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബ. വൈദികന്മാരുടെ വാർഷികധ്യാനത്തിൽ വന്ദ്യമെത്രാനച്ചൻ തിരുമനസ്സുകൊണ്ടും സംബന്ധിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ, പ്രസ്തുത ദിവസങ്ങളിൽ യാതൊരു കാരണവശാലും ആക്കും തിരുമേനി സന്ദർശനം അനുവദിക്കുന്നതല്ല.

ആജ്ഞാനുസരണം,

(Rev.) C. T. Kottaram.

സിക്രട്ടറി.

അരമനവാർത്തകൾ

ജൂലായി 24. നി. വ. ദിവ്യശ്രീ കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് 11 മണിക്ക് അരമനയിലെത്തി വന്ദ്യമെത്രാനച്ചൻ തിരുമേനിയെ സന്ദർശിച്ചു.

മെത്രാനച്ചൻ തിരുമനസ്സിലെ നാമഹേതുകനായ വി. യാക്കോബ്ശ്ലീഹായുടെ തിരുനാളിന്റെ തലേദിവസമായ ഇന്നുച്ചകഴിഞ്ഞു മൂന്നരമണിക്ക്, സ്ഥലത്തെ എല്ലാ വിദ്യാലയസ്ഥാപനങ്ങളും, ഏകോപിച്ച് കോളേജ്ഹാളിൽവച്ച്, വന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽത്തന്നെ ഒരു വമ്പിച്ച പൊതുയോഗം നടത്തുകയും തിരുമേനിയുടെ നേർക്കുള്ള സ്നേഹബഹുമാനാദികളെ പ്രദർശിപ്പിക്കയും തിരുനാൾമംഗളാശംസകൾ നടത്തുകയും, സുകൃതമഞ്ജരികൾ സമർപ്പിക്കയുമുണ്ടായി.

ജൂലായി 25 വി. യാക്കോബ്ശ്ലീഹായുടെ തിരുനാൾപ്രമാണിച്ച് വന്ദ്യതിരുമേനി കത്തീദ്രൽപള്ളിയിൽവച്ചു രാവിലെ പൊന്തിഫിക്കൽ കുർബാനയും, വി. കുർബാനയുടെ ആശീർവാദവും നടത്തുകയും, അനേകമാളുകൾക്കു വി. കുർബാന എഴുന്നള്ളിച്ചു കൊടുക്കയും ചെയ്തു. പത്തു മണിമുതൽ പന്ത്രണ്ടുവരെയും, ഉച്ചകഴിഞ്ഞ് മൂന്നുമുതൽ അഞ്ചു മണിവരെയും ശ്രുപതയുടെ പല ഭാഗങ്ങളിൽനിന്നും വന്നിരുന്ന അനേകം സന്ദർശകന്മാർക്കും, പല യുവജനസംഘടനാപ്രതിനിധികൾക്കും തിരുമേനി സന്ദർശനം അനുവദിച്ചു അവരതോളം ബ. വൈദികർ ഉച്ചഭക്ഷണത്തിൽ സംബന്ധിക്കയും, ഉച്ചഭക്ഷണവേളയിൽ വികാരിജനറാൾ മോൺ. ജേക്കബ് കല്ലറയ്ക്കൽ അവർകൾക്കായി റോമയിൽനിന്നും വന്നുചേർന്നിരുന്ന "Pro Eclesia et Pontifice" എന്ന കിരീടം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു നൽകുകയുമുണ്ടായി.

തിരുവല്ലാശ്രുപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് നി. വ. ദിവ്യശ്രീ മാർസേവേറിയോസ് തിരുമനസ്സുകൊണ്ട് ഉച്ചകഴിഞ്ഞും, എറണാകുളം അതിശ്രുപതയുടെ വികാരിജനറാളും മോൺസി. വല്യാറമ്പത്ത് അവർകളും കാലത്തും മെത്രാനച്ചൻതിരുമേനിയെ സന്ദർശിച്ച വിവരവും പ്രസ്താവാർഹമാണ്.

ആഗസ്റ്റ് 13. വി. ജോൺ ബക്മാൻസിന്റെ തിരുനാൾ ഇക്കൊല്ലം പൂർവാധികം ആഘോഷമായി സ്ഥലം എസ്സ്. ബി. ഹൈസ്കൂളിലും കോളേജിലുംവച്ചു കൊണ്ടാടുകയുണ്ടായി. കാലത്ത് ഏഴുമണിക്കു മെത്രാനച്ചൻതിരുമേനി ഹൈസ്കൂൾ കപ്പേളയിൽവച്ചു ദിവ്യ

പൂജ അപ്പിക്കയും, വി. കുർബാനയുടെ ആശീർവാദംനടത്തുകയും ചെയ്തശേഷം വിദ്യാർത്ഥികളോട് വി. ബക്കുമാൻസിനെ അനുകരിക്കേണ്ടതിന്റെ ആവശ്യകതയെയും, വിധത്തെയുംപറ്റി ഉപദേശരൂപേണ അത്യന്തരസകരമായ ഒരു പ്രസംഗം ചെയ്കയുണ്ടായി.

ആഗസ്റ്റ് 15. കത്തീഡ്രൽപള്ളിയിലെ ദർശനത്തിരുനാൾസംബന്ധിച്ച് വന്ദ്യപിതാവ് കാലത്ത് അവിടെവച്ചു ദിവ്യപൂജ അപ്പിക്കയും പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോഹണത്തെപ്പറ്റി ഒരു ലഘുപ്രസംഗം ചെയ്കയുമുണ്ടായി. ഉച്ചകഴിഞ്ഞു നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണകർമ്മത്തിൽ പ്രധാന കാർമ്മികത്വം വഹിച്ചത് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടാണ്.

പുസ്തകാഭിപ്രായം.

‘പ്രബന്ധരത്നാവലി’[ഒന്നാംഭാഗം]

(എം. ഒ. ജോസഫ്, നെടുംകുന്നം)

ശ്രീമാൻ എം. ഒ. ജോസഫ് നെടുംകുന്നം അവർകളുടെ ഏറ്റവും ആധുനികമായ ഗ്രന്ഥമാണ് പ്രബന്ധരത്നാവലി ഒന്നാംഭാഗം. ഇരുപതോളം ഗ്രന്ഥങ്ങളുടെ കർത്താവായ ഈ അനുഗൃഹീതഗദ്യകാരന്റെ തൂലികാപാടവത്തെക്കുറിച്ച് ഞങ്ങൾക്ക് വിശേഷിച്ചൊന്നും പറയേണ്ടതായിട്ടില്ല. പ്രസ്തുതമായ പ്രബന്ധരത്നാവലിയെക്കുറിച്ചാണെങ്കിൽ, സാഹിത്യരസികന്മാക്കും, വിദ്യാഭ്യാസികൾക്കും ഒരുപോലെ രുചിക്കത്തക്ക ഒരുത്തമഗ്രന്ഥം, വിദ്യാർത്ഥിലോകത്തിന്റെ ജ്ഞാനതൃഷ്ണയെ അടിയ്ക്കുമായി ഉപശമിപ്പിക്കുന്ന ഒരു വിജ്ഞാനഭാണ്ഡം, എന്നുഖണ്ഡിച്ചുപറയാം. വിമർശനപടുവായ ശ്രീ. എം. പി. പോൾ എം.എ-യുടെ സമുചിതമായ അവതാരികയും പണ്ഡിതശ്രേഷ്ഠനായ ശ്രീ. എടമരം വി. സെബാസ്റ്റ്യന്റെ അഭിപ്രായവും പ്രബന്ധരത്നാവലിക്ക് ഭൂഷണമായിട്ടുണ്ട്. വിദ്യാലയങ്ങളിൽ ഇത്തരം ഗ്രന്ഥങ്ങൾക്ക് പ്രവേശനം നൽകുന്ന വിഷയത്തിൽ ട്രസ്റ്റ്റബ്ബുക്കുകമ്മറ്റിക്കാർ അഭിമുഖരായിരിക്കുമെന്ന് ഞങ്ങൾക്കുതോന്നുന്നു. ഗ്രന്ഥത്തിന് ക്ഷിപ്രപ്രചാരം ആശംസിച്ചുകൊള്ളുന്നു.

വിശ്വനാഥ് പ്രസ്സ്., ഏറണാകുളം എന്നവിലാസത്തിൽ അപേക്ഷിച്ചാൽ പുസ്തകം കിട്ടുന്നതാണ്.

'വ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ.'

(റവ. ഫാദർ വലേരിയൻ സി. ഡി.)

പുരാതനത്വംകൊണ്ടും മറവും ഭുവനപ്രസിദ്ധിചിച്ചിട്ടുള്ള കേരളീയ 'മാർതോമ്മാക്രിസ്ത്യാനി' കുടുംബം, എന്നല്ല, ഭാരതമൊട്ടുക്കുള്ള ക്രിസ്ത്യാനികൾക്കുപോലും, സ്വദേശിയായ ഒരു പുണ്യവാനുണ്ടെന്നു അഭിമാനിക്കുവാൻ ഇതുവരെയും സാധിച്ചിട്ടില്ലെന്നുള്ളത് ആശ്ചര്യകരംതന്നെ. ഏതദ്ദേശിയരായ അനേകം പുണ്യാത്മാക്കൾ ഉണ്ടായിട്ടുണ്ടെന്നതു നിസ്സംശയമാണ്. എന്നാൽ നമ്മുടെനിരന്തരമായപ്രാർത്ഥനയും അക്ഷീണപരിശ്രമവുംകൊണ്ടുമാത്രമേ അവരിലൊരാളെങ്കിലും ഔദ്യോഗികമായിവിശുദ്ധരുടെപട്ടികയിൽ ചേർക്കപ്പെട്ടുവാൻ ഇടയാകയുള്ളൂ. പുണ്യപുരുഷനെന്നു സർവ്വരാലും പ്രകീർത്തിതനായ വ.ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മനോഹരമായ ഈ ജീവചരിത്രം, ഈ വിഷയത്തിലേക്കു കേരളീയകത്തോലിക്കരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും ഈ മഹാരഥൻ വിശുദ്ധനെന്നു പ്രഖ്യാപനംചെയ്യപ്പെടുവാൻ വേണ്ടിസോത്സാഹംപരിശ്രമിക്കുവാൻ അവരെപ്രേരിപ്പിക്കുന്നതിനും തികച്ചുംപര്യാപ്തമാണ്.

ഈ മഹാത്മാവിന്റെ സംഭവബഹുലമായ ജീവിതത്തെ ഇത്രക്രമീകൃതവും സമാകർഷകവുമായവിധത്തിൽ ചിത്രീകരിച്ച റവ. ഫാ. വലേരിയൻ സി ഡി. അവർകൾ നമ്മുടെഹൃദയംഗമമായകൃതജ്ഞതയ്ക്കർഹനാണ്. കഥാനായകന്റെ സ്വന്തംകൈപ്പടയിലുള്ള ഗ്രന്ഥങ്ങൾ, സമകാലീനന്മാരുടെ ഡയറികൾ, കർമ്മലാശ്രമങ്ങളിലേനാളാഗമങ്ങൾ, ഇത്യാദിരേഖകളെയും ഉന്നംജീവിച്ചിരിക്കുന്നാളുകൾക്ക് സാക്ഷികളുടെ സാക്ഷ്യങ്ങളെയും ആധാരമാക്കിവിരചിതമായഈ ജീവചരിത്രത്തിൽ അതിശയോക്തിസ്പർശം ഉണ്ടാകുവാൻ ഇടയില്ല; വെറും ഊഹങ്ങൾക്കും അനുമാനങ്ങൾക്കും ഇതിൽസ്ഥാനം അശേഷമില്ല. കഥാനായകന്റെ സ്വന്തവാക്കുകൾ, മാലയിൽനൂലുപോലെ, ഈഗ്രന്ഥത്തിൽ ആദ്യന്തംഉള്ളതുകൊണ്ടു വിശ്വാസനീയമല്ലാത്ത ഒരുസംഭവവും ഇതിൽ കാണുവാനിടയില്ല. ഇതിലെ ഭാഷ ആപാദചൂഡം മധുരമായിരിക്കുന്നുഎന്നുചുരുക്കിപ്പറയുവാനേനിവൃത്തിയുള്ളൂ. ചങ്ങനാശേരിത്രുപതയുടെമെത്രാൻനി.വ.ദിവ്യശ്രീ ജയിംസ് കാളാശേരിതിരുമനസ്സിലേ കായ്മാത്രപ്രസക്തമായഅവതാരിക ഇതിനലങ്കാരമാണ്. ശ്രമസാധ്യമായ ഈ ജീവചരിത്രനിർമ്മാണം വിജയകരമാംവിധം സാധിച്ചതിൽ ഗ്രന്ഥകർത്താവിനെ ഞങ്ങൾ ഉള്ളുഴിഞ്ഞഭിനന്ദിക്കയും പുസ്തകത്തിനു സകലഭാവുകവും ആശംസിക്കയും ചെയ്യുന്നു. നല്ലമേനിക്കടലാസിൽ 400-ൽപരം പേജുകളുള്ളതും 100ൽപ്പരം ചിത്രങ്ങളോടുകൂടിയതുമായ ഈഗ്രന്ഥം മാന്യാനംപ്രസ്സിൽനിന്നും ലഭിക്കുന്നതാണ്.

വില ഏഴു രൂപ മാത്രം

Licence No. 183 Reg. No. T. 21

പഞ്ചാംഗം

സെപ്റ്റംബർ 1939 ചിങ്ങം–കന്നി 115

എ. ഭാ. ക. മറിയത്തിന്റെ വ്യാകുല വണക്കമാസം.

1	16	വെ	ആബാ. എജിദിയോസ്	വെ
2	17	ശ	രാ. മേരി എസ്തപ്പാനോസ്	വെ
3	18	ഞാ ✠	പന്ത. 14-ാം ഞാ. കദ് 1 മെസ്	പ
			അടുത്ത വ്യാഴം (ഇ വി.) വെള്ളി കടം	
4	19	തി	ക. പത്രോനിലാ. (മെയ് 31)	വെ
5	20	ച�ൊ	അ. മേരി ലൂവറന്തിയോസ്	വെ
6	21	ബു	വേ. മത്തായിനോസും കൂട്ട. (ജൂൺ 2)	ചു
7	22	വ്യാ	മേരി പ്രംസിസ്കോ. (ജൂ. 4) (ഇ. വി.)	വെ
8	23	വെ ✠	എ. ഭാ. ക. മറി. പിറവി	വെ
9	24	ശ	വേ. പ്ലാസിഡ്, ഫിലിസിയാ. (ജൂൺ 9)	ചു
10	25	ഞാ ✠	പന്ത. 15-ാം ഞാ. ഹറ് 2 ഹറ്	വെ
			അടുത്ത ബുധൻ (ഇ. വി.)	
11	26	തി	രാ. ഞ്ഞി മറ്റുള്ളവർ (ജൂൺ 10)	വെ
12	27	ചൊ	മാതാവിന്റെ പിറവി എം	വെ
13	28	ബു	മാതാവിന്റെ പിറവി എം (ഇ. വി.)	വെ
14	29	വ്യാ	ഈ കുരിശിന്റെ പുകഴ്ച	ചു
15	30	വെ	മാതാവിന്റെ പിറവി എം	വെ
16	31	ശ	വേ. കുഞ്ഞുച്ചിയാസും കൂട്ടിയാ	ചു
17	1	ഞാ ✠	പന്ത. 16-ാം ഞാ. ദസ്സീവാ കദ് 3 കദ്	പ
			അടുത്ത ബുധൻ (ഇ. വി.)	
18	2	തി	മേരി യൗസപ്പ് കുപ്പർത്തിനോസ്	വെ
19	3	ചൊ	അ. വേ. തൻവാരിയോസും കൂട്ട.	ചു
20	4	ബു	ശ്ലീ. മ്ശിഹായി തലേനാൾ (ഇ. വി.)	റോ
21	5	വ്യാ	ശ്ലീ. മ്ശിഹായി	ചു
22	6	വെ	വേ. മത്തിത്തിയാസും കൂട്ട.	ചു
23	7	ശ	പാ. വേ. ലിനോസ്	ചു
24	8	ഞാ ✠	പന്ത. 17-ാം ഞാ. കദ് 4 മെസ്	പ
			വി. കൊച്ചുത്രേസ്യായുടെ നൊവേനയുടങ്ങുന്നു.	
25	9	തി	ശ്ലീ. ബണ്ണൂം (ജൂൺ 11)	ചു
26	10	ചൊ	വേ. കുപ്രിയാനോസും യുസ്തീനായും	ചു
27	11	ബു	വേ. കുസ്മാസും ദമിയാനോസും	ചു
28	12	വ്യാ	രാ. വേ. ഖവഞ്ചസ്ളാവോസ്	ചു
29	13	വെ	മിഖായേൽ മാലാ. പള്ളിക്കൂദാ	വെ
30	14	ശ	മേരി മല്പാൻ ഇഗ്നാത്തിമോസ്	വെ

Printed & Published by Rev. Fr. M[illegible]lakalam,
at the S. J. O. Press, Changa[illegible]y.